kalkipuri.com

ഓം സദ്ഗുരുവേ നമഃ

Paperback 1st Edition:
24/05/1998



"വരുന്ന മുപ്പത്തഞ്ച് കൊല്ലം കൊണ്ട്. വിവിധ
ആചാരങ്ങളാൽ ചിതറിക്കിടക്കുന്ന സനാതന ധർമ്മത്തെ ഒരു
കുടക്കീഴിലാക്കി ആത്മസത്തയിലൂന്നിയ ജീവിതത്താൽ
രാഷ്ട്രത്തിന് പുരോഗതിയേകുകയത്രേ എന്റെ ജീവിത ലക്ഷ്യം
സിംഹവീര്യമുൾക്കൊള്ളുന്ന ശാന്തസ്വരൂപരായ
ഹേ, ചുണക്കുട്ടികളേ! അണിനിരക്കുക; സത്യത്തിനുവേണ്ടി.
ആത്മത്യാഗം ചെയ്യുക; ധർമ്മത്തിനുവേണ്ടി.
ഇറങ്ങിത്തിരിക്കുക; രാഷ്ട്ര സേവനത്തിനായി.....

- സ്വാമി അഖിലാനന്ദ

അഖിലാനന്ദ ചാരിററബിൾ ട്രസ്റ്റ്

24-05-1998



**Bharatham Param Vaibhavaththilekku**


Written by

Akhilananda Swamy

(Previous name of Kalki)



Paperback First Edition: 24 May 1998.

**Kalkipuri Temple**

Edavannappara, Malappuram Dt. - 673645.

Kerala, India. Ph: 0483 2724372.

Web: **kalkipuri.com**


Additional details




അരുൾവടിവായ് നിൻട്രിടുവീർ അയ്യൻപാദം (2):1:1.
അടിതൊഴുത് മകൻശാന്തി ദേവിയാനും (2):1:2.
ഇരുൾവാരാ എനൈകേട്ട അൻമ്പുദേവി (2):1:3.
ഇവൻതണക്ക് ഗോപകുമാർ നാമംകണ്ട് (2):1:4.
കണ്ട്പിൻ അഖിലാനന്ദ സ്വാമിയാകി (2):2:1.
കൂരിടവേ ദശമാവതാരം കൽകിയിന്നാൾ (2):2:2.

പാർവ്വതിദേവിയുടെ അപേക്ഷപ്രകാരം മകന്റെ പൂർവ്വജന്മ ത്തെക്കുറിച്ച് സർവ്വാധികാരി പരമഗുരു ശിവദേവൻ അറിയി ച്ചു. പ്രിയ ദേവി! കേട്ടാലും. (ചെറുപ്പത്തിൽ മാതാപിതാക്കൾ നൽകിയ) പേര് ഗോപകുമാർ. അതിനുശേഷ(മുള്ള സന്യാ സനാമധേയമാണ്)അഖിലാനന്ദ സ്വാമി. (പിന്നീടാണ് കൽകി എന്ന ഔദ്യോഗിക നാമധേയവും ദശമാവതാരം എന്ന സമു ന്നത സ്ഥാനവും അറിയിക്കുന്നത്.) താളിയോല വായിച്ചു കൊണ്ടിരിക്കുന്ന ഈ കാലത്ത് ദശമാവതാരം കൽകി.

കേരള ഗസറ്റ് 1999 ജൂലൈ 6, വോള്യം 44, നമ്പർ 27, പാർട്ട് 4ൽ ഗോപകുമാർ എന്ന ആദ്യത്തെ പേരും ഒപ്പും മാറ്റി അഖിലാനന്ദസ്വാമി എന്ന പേരും പുതിയ ഒപ്പും സ്വീകരിച്ചു. വീണ്ടും കേരള ഗസറ്റ് 2000 ജനുവരി 11, വോള്യം 45, നമ്പർ 2, പാർട്ട് 4ൽ അഖിലാനന്ദ സ്വാമി എന്ന പേരും ഒപ്പും മാറ്റി Kalki എന്ന പേരും പുതിയ ഒപ്പും സ്വീകരിച്ചു. ഇനീഷ്യലില്ല, ഇപ്പോഴത്തെ നാമധേയം: Kalki.

*കൽകിയുടെ അഗസ്ത്യ മഹാശിവനാഡി തുല്യം പൂർവ്വജന്മകാണ്ഡം (ശാന്തികാണ്ഡം). പുനർജന്മം ചരിത്രപരമായ തെളിവുകൾ എന്ന പുസ്തകത്തിൽനിന്നും.*

Additional details, not from this book.

kalkipuri.com

ലോകനന്മയ്ക്കുവേണ്ടി പ്രവർത്തിച്ച
എല്ലാ മതാചാര്യന്മാരെയും
പ്രണമിച്ചുകൊണ്ട്......




kalkipuri.com



“.....വീണ്ടുമൊരിക്കൽ കൂടി ഭാരതാംബ
ഉണർന്നെഴുന്നേൽക്കുകയാണ്...
ഇനിയൊരിക്കലും ഉറങ്ങില്ലെന്ന വാശിയോടെ!
അമരത്വത്തിന്റെ അന്തഃസത്ത ഉള്ളിലൊളിച്ചു
കിടക്കുന്ന ഹേ ചെറുപ്പക്കാരേ!
മാളങ്ങളിലൊളിക്കാതെ വരിക,
സേവനത്തിനിറങ്ങിത്തിരിക്കുക...
നിങ്ങളുടെ പുണ്യപാദങ്ങളേറ്റ് ഭാരതാംബ
പുളകിതയാകട്ടെ.... അമ്മ ആത്മാഭിമാനത്താൽ
ഹർഷപുളകിതയാകട്ടെ........”


– സ്വാമി അഖിലാനന്ദൻ



kalkipuri.com



* മതം മാറ്റത്തെ ഞാനൊരിക്കലും അംഗീകരിക്കില്ല. മതങ്ങൾ സമ്പുഷ്ടങ്ങളായിരിക്കേ എന്തിന് മറ്റൊന്നിലേക്കു മാറണം? സ്വാർത്ഥ ലക്ഷ്യങ്ങൾ നേടാമെന്നല്ലാതെ മറ്റെന്താണതിൽ നിന്നാർജ്ജിക്കുവാൻ കഴിയുക? വിധ്വംസക പ്രവർത്തനങ്ങളേയും, തന്മൂലം സമൂഹത്തിൽ അശാന്തിപരത്തുവാനും ഇടയാക്കി ജനങ്ങളെ ഭയവിഹ്വലരാക്കാമെന്നല്ലാതെ മറ്റെന്താണതിനവകാശപ്പെടാൻ കഴിയുക! ഓരോ മതങ്ങളും ശ്രേഷ്ടങ്ങളായിരിക്ക മതാചാര്യന്മാർ അരുളിയ വഴികൾ നന്മയിലേക്ക് നീങ്ങാനുള്ള സത്യമാർഗ്ഗങ്ങളുടെ ഭാണ്ഡങ്ങളായിരിക്കേ, ജീവിതത്തിന് പുരോഗതിയും തന്മൂലം ലോകത്തിന് ശാന്തിയുമേകുകയത്രേ മതങ്ങളുടെ ലക്ഷ്യങ്ങളെന്നിരിക്കെ ഭാരതത്തിലെ ഓരോ മതങ്ങളും സാത്വീകഭാവത്താൽ ശക്തരായി, സംഘചേതനയിലൂടെ ശക്തരായി, ഭാരതജനതയ്ക്ക് ആശ്വാസമേകി, ലോകത്തിന് മാതൃകയേകി, സംഘർഷങ്ങളേയും വിധ്വംസക പ്രവർത്തനങ്ങളേയും ഉന്മൂലനം ചെയ്യണം അതത്രെ മതങ്ങളുടെ ഇന്നത്തെ പ്രാഥമിക കർത്തവ്യം. ഒരു മുസ്ലീം സഹോദരനോ കൃസ്ത്യൻ സഹോദരനോ നമ്മോടാവശ്യപ്പെടുകയാണ് നമ്മുടെ മതത്തിൽ ചേരാനെങ്കിൽ, സ്വന്തം മതത്തിന്റെ ശ്രേഷ്ഠത അനുഭവിക്കുവാൻ സാധിക്കാത്തൊരാൾക്ക് മറ്റ് മതത്തിൽ നിന്നും ശാശ്വതാനന്ദത്തിലേക്ക് കടന്നുചെല്ലാൻ കഴിയില്ലെന്നും, മതങ്ങൾ വഴികാട്ടിയാണെന്നും, അനുസരിക്കലിലൂടെയത്രെ അവയിലെ ആന്തരികത അനുഭവ തലത്തിലെക്കെത്തിക്കാൻ കഴിയുകയുള്ളൂവെന്നും അതിനാൽ സ്വന്തം മതത്തിൽ ഉറച്ചുനിൽക്കാനും മറ്റെല്ലാ മതങ്ങളെയും സ്നേഹിക്കുവാനും ഉപദേശിക്കണം. ഒരു ഹിന്ദു കാവൽ നിൽക്കട്ടെ മുസ്ലീം സഹോദരന്റെ നിസ്ക്കാരത്തിന്, ഒരു കൃസ്ത്യൻ സംരക്ഷണമേകട്ടെ ഹിന്ദുവിന്റെ അനുഷ്ഠാനങ്ങൾക്ക്. അങ്ങനെ മാനവത്വത്തെ സ്നേഹിക്കാനുള്ള ഉപാധിയാകുന്നു മത്ങ്ങളെന്ന മതാചാര്യന്മാരുടെ വചനങ്ങൾ സത്യങ്ങളാക്കാൻ പരിശ്രമിക്കുക. അവിടെ വിടർന്നുവികസിച്ച് ആത്മാനന്ദത്തിലാറാടുന്ന ഒരു മുഖം, ഭാരതാംബയുടെ മുഖം, ദൃശ്യമാകുമ്പോൾ; അതിൽ നിന്നൊരാത്മഗീത്മുയരും ഹിന്ദു ഹിന്ദുവായും മുസ്ലീം മുസ്ലീമായും കൃസ്ത്യൻ കൃസ്ത്യാനിയായും ജീവിച്ച് പരസ്പരം സ്നേഹിച്ച് എന്റെ വീര



ന്മാരായ പുത്രന്മാരാവാൻ പരിശ്രമിക്കുകയെന്ന്.

- ഞാൻ കാണുന്നു; ഭാവി, ഭാരതാംബയുടെ തൃപ്പാദങ്ങളിൽ കുമ്പിടുന്നത്.
- ഞാൻ അറിയുന്നു; ലോകത്തിന് ശാന്തിയും സമാധാനവും പ്രദാനം ചെയ്യാൻ ശക്തിയുള്ള സിംഹക്കുട്ടികളെ പ്രസവിക്കുവാൻ ഭാഗ്യം സിദ്ധിച്ച അമ്മയെന്ന് ഖ്യാതി വിശ്വം മുഴുവൻ പരിലസിക്കുന്നത്.
- ഞാൻ അഭിമാനിക്കുന്നു – അമ്മയുടെ അത്തരമൊരു പുത്രനാവാൻ എളിയവനായ ഈയെനിക്കൊരവസരം തന്നതിൽ.
- ആജ്ഞാശക്തിയും ബലവും സഹിഷ്ണുതയും കൈമുതലുള്ള നശ്വരങ്ങളായ, സമ്മോഹനങ്ങളായ ജീവിതാകർഷണങ്ങളിൽ നിന്നു മുക്തരായ ഇരുപതു പേർ എന്നോടൊപ്പം, ഭാരതാംബയെ സേവിക്കുവാൻ തയ്യാറായാൽ ഇതാ നിങ്ങൾക്കുറപ്പ് തരുന്നു, വരുന്ന 35 കൊല്ലത്തിനുള്ളിൽ സനാതന ധർമ്മത്തെ അതിന്റെ പൂർവ്വ പ്രതാപത്തിലേക്കുയർത്തീടാം! ഇനിയൊരിക്കലും അധഃപതിക്കാൻ ഇടയില്ലാത്തവിധം.
- വീണ്ടുമൊരിക്കൽ കൂടി ഭാരതാംബ ഉയർത്തെഴുന്നേൽക്കുകയാണ്. ഇനിയൊരിക്കലും ഉറങ്ങില്ലെന്ന വാശിയോടെ!
- അമരത്വത്തിന്റെ അന്തസ്സത്ത ഉള്ളിൽ ഒളിച്ചു കിടക്കുന്ന ഹേ ചുണക്കുട്ടികളേ, നിങ്ങൾ മാളങ്ങളിലൊളിക്കാതെ വരിക, സേവനത്തിനിറങ്ങിത്തിരിക്കുക. നിങ്ങളുടെ പുണ്യപാദങ്ങളേറ്റ് ഭാരതാംബ പുളകിതയാകട്ടെ, അമ്മ ആത്മാഭിമാനത്താൽ ഹർഷപുളകിതയാവട്ടെ!
- വലിച്ചെറിയുക നിങ്ങളിലെ നിരാശകളുടെ ഭാണ്ഡങ്ങൾ, ആത്മവിശ്വാസത്തിന്റെ രഥത്തിലേറി അനുദിനം അംബയുടെ ആജ്ഞകൾ അനുസരിക്കുവാൻ കുതിക്കുക.
- ജലത്തിലെ കുമിളകൾ പോലെ ഒന്നുതൊട്ടാൽ പൊട്ടുന്ന നശ്വരമായ ശരീരത്തിന്റെ ആസക്തികളെ വലിച്ചെറിയുക. മാർഗ്ഗതടസ്സത്തിനിടയാകാതെ തിരിച്ചറിഞ്ഞ് പ്രവർത്തിക്കുക.
- വീരന്മാരായ അല്ലയോ സഹോദരങ്ങളെ, കാലത്തിന്റെ മാറ്റൊലി ശ്രവിക്കുക, അഗ്രശാലകളിലേ ആഗ്രഹകൂമ്പാരങ്ങളെ അറിവിന്റെ ഇടിവാളാൽ ച്ഛേദിക്കുക. കഷ്ടപ്പെടുന്ന നിങ്ങളുടെ സഹോദര



ങ്ങൾക്കനുഭാവത്തിന്റെ അവരർഹിക്കുന്ന അവകാശങ്ങളുടെ അക
പൊരുളിലേക്ക് ആനയിക്കാൻ ധീരരാവുക. ധീരന്മാർക്കേ മഹൽകൃ
ത്യങ്ങൾ ആചരിക്കാൻ കഴിയൂ.

* എനിക്ക് പ്രവർത്തിക്കുന്നവരെയാണ് ആവശ്യം. മാനവന്റെ പ്രാഥ
മികാവശ്യങ്ങൾ നിവേറ്റുന്നതിന് ഊർജ്ജസ്വലതയോടെ പ്രവർത്തി
ക്കുന്നവരെയാണാവശ്യം. അതിനത്രേ സംഘടനാശക്തി വർദ്ധിപ്പി
ക്കേണ്ടതും.

* ദൂരെ കളയുക നിങ്ങളിലെ ആസക്തിയും, ആഗ്രഹങ്ങളും. അഹ
ങ്കാരം ലേശമില്ലാതെ ഭാരതാംബയെ സേവിക്കുവാൻ അവസരം
കൈവന്നതിൽ അഭിമാനിക്കുക.

* ഗവൺമെന്റിനെ ആശ്രയിച്ച് പരിതാപങ്ങൾ പറഞ്ഞുകൊണ്ടിരി
ക്കുന്ന പഴയ പതിവ് മാറ്റിവെക്കുക. പകരം പ്രവർത്തിപഥത്തിലൂടെ
പുതിയ വഴികൾ കണ്ടെത്തി പ്രാഥമികാവശ്യങ്ങൾ നിറവേറ്റിയെ
ടുക്കുവാൻ സഹകരിച്ച്, സംഘടനയെ ഉപയോഗപ്പെടുത്തുക.

* ഇന്ദ്രിയങ്ങളെ സ്വന്തം പരിധിയിലാക്കി ഇച്ഛാജ്ഞാന ക്രിയാ
ശക്തിയെ പരിപോഷിപ്പിച്ച് ആത്മജ്ഞാനത്തിന്റെ പന്ഥാവിലൂടെ
അനുഗമനം ചെയ്ത് ഹേ, സഹോദരരേ പ്രവർത്തിക്കു, ഊർജ്ജ
സ്വലതയോടെ കണ്ടെത്താൻ പരിശ്രമിക്കൂ; നിങ്ങൾ എന്തെന്ന്. അവ
നിഷ്കാമസേവനത്തിലൂടെ അനുഭവതലത്തിലേക്ക് ആവാഹിക്കുക.

* കൊടുങ്കാറ്റ് ആഞ്ഞു വീശിയാലും മിന്നൽപ്പിണരുകൾ വഴിനീളെ
അപകടങ്ങൾ വിതച്ചാലും പിൻതിരിയരുത്; ലക്ഷ്യപൂർത്തീകരണ
ത്തിൽ നിന്നൊരിക്കലും ഭീരുവെപ്പോലെ പിൻതിരിയരുത്. സ്നേഹ
മെന്ന, ത്യാഗമെന്ന ദീപംകൊണ്ട് പ്രകാശപൂരിതമാക്കാൻ പ്രയ
ത്നിക്കുക.

* കുടികൊള്ളപ്പെടുന്ന സിംഹവീര്യത്തെ ഉണർത്തുവാൻ അഖണ്ഡ
ബ്രഹ്മചര്യമനുഷ്ഠിക്കുക. അപ്പോഴത്രേ അമരത്വമെന്തെന്ന് അറി
യാൻ ആവുകയുള്ളൂ.

* അറിവാകുന്ന അമൃതത്താൽ വിവേകത്തെ പരിപോഷിപ്പിച്ച് കുതിച്ച്
ഉയരുക, പൂർവ്വപ്രതാപത്തേക്കാൾ. മിഥ്യാ സങ്കല്പങ്ങളും വാചാ
ലതയുമകറ്റി അനുഷ്ഠാനപഥത്തിലേക്കുയരുക. അപ്പോൾമാത്രമേ
ആദ്യത്തെ പടികടക്കുവാനുള്ള അർഹത നേടുന്നുള്ളൂ.

kalkipuri.com



* അനുഭവ തലത്തിലെത്താൻ ഒരംശമെങ്കിലും അനുസരിക്കാൻ തയ്യാറില്ലാത്ത മടിയന്മാരുടെ മിഥ്യാഭൂഷണങ്ങൾകേട്ട് ഭാരതാംബയ്ക്ക് മതിയായിരിക്കുന്നു. പ്രവർത്തിക്കുന്ന, സത്യമാർഗ്ഗം പിൻതുടരുന്ന ചുണക്കുട്ടികളെയത്രെ അമ്മ പ്രതീക്ഷിക്കുന്നത്.

* വാക്കും വിചാരവും പ്രവർത്തിയും തുല്യമായാൽ ഈശ്വരത്വം സ്വയമേവ കരഗതമാവും. പിന്നെ അന്വേഷിക്കേണ്ടതില്ല, അവ തന്നിൽ തന്നെയുണ്ടെന്നതപ്പോൾ വെളിപ്പെടും. അതത്രെ ആത്മജ്ഞാനത്തിനാധാരവും.

* വാരിവിതറുക, വ്യാപിക്കട്ടെ എല്ലായിടവും - അറിവിന്റെ നവലോകം ആട്ടിയകറ്റട്ടെ ഭാരത ജനതയുടെ ആലസ്യത്തെ- ക്ഷിപ്രസാദ്ധ്യങ്ങളായ കാര്യങ്ങളാർജ്ജിക്കുന്നതിനുവേണ്ടി മഹത്തായ ഈ ധർമ്മത്തെ അപലപിക്കാൻ ഇടവരുത്താതിരിക്കാൻ പരിശ്രമിക്കുക. ആത്മസത്തയുടെ അന്വേഷണമത്രേ ആനന്ദത്തിന്നുറവിടമെന്നറിയുക.

* നമ്പൂതിരിയെന്നോ നായരെന്നോ ചെറുമനെന്നോയുള്ള ജാതി വ്യത്യാസങ്ങളില്ലാതെ വേദവിദ്യ അർഹിക്കുന്നവനും ആഗ്രഹിക്കുന്നവനും പ്രദാനം ചെയ്യണം. അങ്ങനെ ഋഷി പരമ്പരകൾ അന്വർത്ഥമാക്കിയ ഭാരതത്തിന്റെ ആത്മസത്ത അവരിൽ ഉടനീളം ജ്വലിക്കട്ടെ, അനുഭവത്തിലൂടെ അവരറിയട്ടെ സനാതന ധർമ്മത്തിന്റെ മഹത്വം!

* ഓർക്കുക സനാതനധർമ്മത്തിൽ അനവധി ദൈവങ്ങളില്ലെന്ന്. അറിയുക ആരാധിക്കപ്പെടുന്നത്, സൂക്ഷ്മലോകത്തിൽ അതീന്ദ്രിയാജ്ഞാനുവർത്തിത്വം കൈമുതലുള്ള ഭഗവത് ദാസന്മാരെന്ന്. നിഷ്കളങ്കതയോടെ ഭജിക്കുമ്പോൾ ഭഗവാന്റെ ദിവ്യത്വം വെളിപ്പെടുത്താനായി സഹായിക്കുന്നവരത്രെ അവർ. അവരെല്ലാം ഈശ്വരന്മാർ അല്ല; ഈശ്വരാന്വേഷണപാതയിലെ നാഴികക്കല്ലുകളത്രെ.

* വിനയവും വിജ്ഞാനവുമത്രെ ഒരുവനിലെ അളവുകോൽ. അതുകൊണ്ട് എളിമയും സത്യവുമത്രേ നിലനിർത്തേണ്ടത്. സന്യാസം സർവ്വസംഗ പരിത്യാഗമാകുന്നു. ഇഹത്തിലെ യാതൊന്നിലും ആസക്തിയില്ലാത്ത ഭാവമത്രെ സന്യാസം. അതിന്റെ പരിശുദ്ധി വേഷങ്ങളുടെ ഘോഷങ്ങളിലല്ല; മനസ്സിന്റെ നിർമ്മലതയിലത്രേ കുടികൊള്ളപ്പെടുന്നത്!



kalkipuri.com

- ഊഹങ്ങളും വാദങ്ങളും സമർത്ഥനെന്നൊരു പക്ഷേ നിങ്ങളെ തോന്നിപ്പിച്ചേക്കാം. അവയ്ക്കെന്നാൽ ഒരിക്കലും യാഥാർത്ഥ്യവുമായി പുലബന്ധം പോലുമില്ലെന്ന് ഉറപ്പിക്കുവാൻ കഴിഞ്ഞാൽ ആദ്യത്തെ ശ്രമം വിജയിച്ചുവെന്നാശ്വസിക്കാം.
- തൽക്കാലം എല്ലാ മിഥ്യാ ദൈവങ്ങളും നമ്മുടെ മനസ്സിൽ നിന്നും മായട്ടെ, ഉണർന്നിരിക്കുന്ന ദൈവം നമ്മുടെ ജനതയൊന്നുമാത്രമാണ്. എവിടെയും അതിന്റെ കൈകൾ, കാലുകൾ. അതെല്ലാറ്റിനെയും ആവരണം ചെയ്തിരിക്കുന്നു. മറ്റെല്ലാ ദൈവങ്ങളും ഉറങ്ങുകയാണ്. ചുറ്റും കാണുന്ന ദൈവത്തെ നമുക്കാരാധിക്കാൻ കഴിഞ്ഞാൽ ബാക്കി സർവ്വ ദേവന്മാരെയും ആരാധിക്കുവാനും കഴിയും.
- എല്ലാവർക്കും ശാന്തിമന്ത്രം ഓതി സ്വീകരിച്ചിരുത്തി ജീവിതസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായിട്ടേറെ സഹായിച്ച സനാതന ധർമ്മമിന്ന് മേൽക്കൂര കത്തിക്കൊണ്ടിരിക്കുന്ന ഭവനത്തിന് തുല്യമത്രേ.
- മാറ്റിവെക്കുക നിങ്ങളിലെ മിഥ്യാസങ്കല്പങ്ങൾ, ‘ആ ഭഗവാൻ കോപിക്കുമോ?’, ‘ഈ ദേവൻ വെറുക്കുമോ?’, ‘ആകാശത്തിനപ്പുറത്ത് നിന്നും അനുഗ്രഹിക്കുന്ന ഭഗവാന് ഇതിഷ്ടപ്പെടുമോ?........’ ദൂരെ കളയൂ ഇത്തരം ചിന്തകൾ ബാലിശങ്ങളാണിവ. നിങ്ങൾക്കു ചുറ്റും ഉള്ള ദീനരിലും ദൈന്യരിലും ഭഗവാനെ ദർശിക്കാൻ കഴിയുന്നതുവരെ ഇല്ല, നിങ്ങൾ എവിടെയും എത്തിയിട്ടില്ല.
- ആലസ്യത്തിലമർന്ന ജനതയെ സിംഹഗർജ്ജനം കൊണ്ടേ ഉണർത്താൻ ആവൂ. ത്യാഗവും സേവനവുമാകട്ടെ ആ ഗർജ്ജനം!
- ത്യാഗമെന്ന ആദർശത്തിൽ ഉറച്ചുനിൽക്കുക. നൂറുപേർ പോരിൽ നിലംപതിച്ചാലും ശരി, കൊടി ഏറ്റുവാങ്ങിക്കൊണ്ട് മുന്നേറുക, ആര് തോറ്റാലും ശരി ദൈവം സത്യമാണ്.
- ആദ്ധ്യാത്മികതയത്രേ ഭാരതത്തിന്റെ മുഖമുദ്ര. അതിന്റെ പതാകകൾ എത്ര ഉയർന്നാലും അധികമാവുകയില്ല. അതിൽ മാത്രമാണ് നമ്മുടെ മുക്തിയും.
- ത്യാഗവും സേവനവുമാണ് ഭാരതത്തിന്റെ ദേശീയാദർശങ്ങൾ. അവയാകട്ടെ പ്രദാനം ചെയ്തത് നമ്മുടെ ഋഷിപരമ്പരകളും!
- കറകളഞ്ഞ ഗുരുസേവയുടെ പരിണതഫലം അടിയുറച്ച ആത്മവി

kalkipuri.com



ശ്വാസമത്രേ; അതാകുന്നു ഈശ്വരസാക്ഷാത്കാരത്തിന്റെ അടിത്തറയും.

✸ എല്ലാത്തിലും അന്തർഭവിച്ചിരിക്കുന്ന ഈശ്വരനെ അറിയുന്നതത്രേ അറിവ്!

✸ മറ്റ് മതസ്ഥരുടെ സംഘടനാ ബലത്തിൽ, അവരുടെ ക്രിയാത്മക പ്രവർത്തനത്തിൽ അസൂയപ്പെടുകയല്ല, മറിച്ച് എന്തുകൊണ്ട് അത്തരം പ്രവർത്തനങ്ങളുടെ സാത്വീകാംശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ ധർമ്മത്തെ പ്രോജ്ജ്വലിപ്പിച്ചുകൂടാ എന്നതത്രേ ഓരോ ഹിന്ദുവിന്റെയും കർത്തവ്യം.

✸ മോഹങ്ങൾക്ക് വിധേയരായവരിൽ പൗരുഷവും പരിത്യജാവസ്ഥയും കുടികൊള്ളുകയില്ല. അതുകൊണ്ട് ആഗ്രഹങ്ങളുടെ ഭണ്ഡാഗാരങ്ങളെ ആട്ടിപ്പായിക്കുക. അറിവിന്റെ നവബോധത്തെ ആശ്ലേഷിക്കുക.

✸ അധികം സംസാരിക്കരുത്. "സംസാരം" മായയുടെ ഉറവിടം ആകുന്നു. സംഘടനകൂടാതെ മഹത്തും സ്ഥിരവുമായ യാതൊന്നും ചെയ്യുവാൻ സാദ്ധ്യമല്ല. അന്യോന്യം സഹായിക്കുവാനും ആദരിക്കുവാനും പഠിപ്പിക്കുന്ന സംഘടന അനിവാര്യമത്രേ!

✸ ഏതു പ്രവർത്തനവും അധിക്ഷേപം, വിരോധം, അംഗീകാരം എന്നീ മൂന്ന് ഘട്ടങ്ങളിലൂടെ കടന്നുപോവാറുണ്ട്. സമകാലത്തിനപ്പുറം കടന്നു ചിന്തിക്കുന്നവരെ ലോകം തെറ്റിദ്ധരിക്കുക പതിവാണ്. അതിനാൽ എതിർപ്പും മർദ്ദനവും സ്വാഗതാർഹമാണ്. സ്ഥിരതയും പരിശുദ്ധിയും ഈശ്വരനിൽ അതിരറ്റ വിശ്വാസവും ഉണ്ടായിക്കണമെന്നേയുള്ളൂ. മാനവ സമുദായത്തിന് നന്മ ചെയ്യുവാനാഗ്രഹിക്കുന്നവർ അവരുടെ സ്വന്തം സുഖവും ദുഃഖവും പേരും പെരുമയും, എല്ലാ വിധ താല്പര്യങ്ങളും ദൂരെയെറിഞ്ഞ് ദൈവസന്നിധിയിലേക്ക് വരണം. ഇതാണ് എല്ലാ ആചാര്യന്മാരും പറഞ്ഞതും ചെയ്തതും.

✸ അനവധി ജാതികളായി സാമ്പ്രദായികാചാരാനുഷ്ഠാനങ്ങളായി വിഭജിക്കപ്പെട്ട സനാതനധർമ്മത്തിലെ ദരിദ്രനാരായണന്മാരുടെ പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനും, സാമുദായിക പുരോഗതി കൈവരിക്കുന്നതിനും തന്മൂലം സാമ്പത്തിക സ്വാതന്ത്ര്യം നേടാനും അന്തച്ഛിദ്രങ്ങളവസാനിക്കുവാനും പ്രയത്നം കൊണ്ട്





സാധിക്കുന്നതിന് അനിവാര്യം സംഘടനയത്രെ.

* നാമോരോരുത്തരും സ്വയം വലിയവനെന്ന് കരുതുന്നു, ഫലമോ ഒരു പ്രവർത്തനവും വിജയിക്കുകയില്ല. ഇവിടെ ഓരോ ആൾക്കും നേതാവാകണം. അനുസരിക്കാൻ ആരും തയ്യാറില്ല. മഹാകൃത്യങ്ങൾ ചെയ്യുമ്പോൾ നേതാവിന്റെ ആജ്ഞകൾ കണ്ണും പൂട്ടി അനുസരിക്കേണ്ടി വരും. പൊതുനന്മക്കാവശ്യമായത് മുറുമുറുപ്പ് കൂടാതെ അനുസരിക്കുവാൻ അറിയുന്ന ആൾക്കേ മഹാനായ നേതാവാകാൻ കഴിയൂ. അനുസരണം എന്ന ഗുണം പരിചയിക്കണം. എന്നാൽ ഒരിക്കലും സ്വന്തം വിശ്വാസം പരിത്യജിക്കരുത്. മേലധികാരികളെ അനുസരിക്കാതെ ഒരു കേന്ദ്രീകരണവും സാധ്യമല്ല. വ്യക്തികളുടെ കഴിവുകൾ കേന്ദ്രീകരിക്കാതെ വലിയ കൃത്യങ്ങൾ ചെയ്യുവാനും സാധ്യമല്ല.
* ജീവിതം ഈശ്വരോന്മുഖമാക്കാനുള്ള വഴികാട്ടിയത്രേ മതങ്ങൾ!
* ദുരാഗ്രഹങ്ങളുടെ പിൻതുടർച്ചയത്രേ മതകലഹങ്ങൾ!
* മതകലഹങ്ങളല്ല വേണ്ടത്; മതത്തിന്റെ സത്ത അന്വേഷിക്കുകയത്രേ!
* മതങ്ങൾ ഈശ്വരത്വത്തിന്റെ സൂചനകളും അനുഭവങ്ങളത്രെ അതിന്റെ അടിത്തറയും!
* സ്നേഹമാണീശ്വരൻ! ശാന്തിയാണതിൻ പ്രതിനിധി!
* ആസൂത്രിതമായ കേന്ദ്രീകൃതമായ പ്രവർത്തന പദ്ധതികളിലൂടെ അനുഭവതലങ്ങളിലേക്ക് ആവിഷ്ക്കരിച്ച്, സനാതന ധർമ്മത്തിന്റെ ആഞ്ജാനുവർത്തിത്വം പ്രദാനം ചെയ്യുകയത്രേ നമ്മുടെ ധർമ്മം; അതിനത്രേ സംഘടനയും. പ്രാഥമിക ആവശ്യങ്ങളും ജീവിത സുരക്ഷിതത്വവും പ്രദാനം ചെയ്യുകയത്രേ നമ്മുടെ കർത്തവ്യം. അഹിംസയിലൂന്നി കൃത്യവും വസ്തുനിഷ്ഠവും ആന്തരിക പ്രചോദനം ഉൾക്കൊള്ളുന്നതുമായ പ്രവർത്തന പദ്ധതിയത്രെ അവയ്ക്കാധാരവും.
* ഉദ്ദേശ്യലക്ഷ്യങ്ങളെന്തെന്നും അവയെങ്ങനെ നടപ്പിലാക്കാമെന്നും നമ്മുടെ സംഘടനയുടെ വിഭാവനങ്ങളുടെ ഉൾക്കാമ്പുകളെന്തെന്നും ഓരോ ഭാരതീയനും പരിജ്ഞാനം ആവശ്യമാണെന്നതിനാൽ ബോധവൽക്കരണമത്രെ പ്രാഥമിക പ്രവർത്തനം. അവബോധത്തിലൂടെ സഹകരണം ഉറപ്പാക്കിയശേഷം അവരുടെ ജീവിതത്തിന്

kalkipuri.com



അത്യന്താപേക്ഷിതമായത് എത്തിച്ച് കൊടുക്കുവാനുള്ള പ്രയത്നം ആവണം അടുത്ത ഘട്ടം.

- അങ്ങിനെ ആവശ്യങ്ങളും അധികാരങ്ങളും നേടിയെടുക്കുന്നതിനാണ് നമ്മുടെ സംഘടനയെന്നവർക്കറിവ് നൽകുന്നതത്രേ മൂന്നാമത്തെ ഘട്ടം. ഇതത്രേ സംഘടനയുടെ ആത്യന്തികതക്ക് ആസ്പദമായത്.

- “രാമനുണ്ടോ”, “കൃഷ്ണനുണ്ടോ”, “അവർ ജനിച്ച സ്ഥലം കാണിക്കാനാവുമോ”. ഇങ്ങനെയുള്ള ചോദ്യങ്ങൾ ചോദിക്കുന്ന യുക്തിവാദികളെ അനവധി കണ്ടിട്ടുണ്ട്. അവരറിയുന്നില്ല യുക്തിവാദികളല്ല വിഡ്ഢിവാദികളാണവരെന്ന്.

- ശരീരപൂരണ ഭാവങ്ങളാണ് അന്വേഷിക്കുന്നതെങ്കിൽ അവരുൾക്കൊള്ളുന്ന ആത്മദർശനങ്ങളുടെ ആന്തരികത അറിയാതെ പോകുന്നതിനാലത്രേ വിഡ്ഢിവാദികളെന്ന് ചൊല്ലിയത്.


- അവതാരങ്ങളും ആചാര്യന്മാരും ഒന്നേ വെളിപ്പെടുത്തിയിട്ടുള്ളൂ. ത്യാഗം, മറ്റുള്ളവർക്ക് വേണ്ടി സകലതും ത്യജിക്കുക സ്വന്തമായിട്ടൊരു ആശപോലും അവശേഷിക്കാത്തത്രേ ത്യാഗം വളർത്തുക.

- കഴിഞ്ഞകാലങ്ങളിൽ ആക്രമിക്കപ്പെട്ടതിനാൽ തളർന്ന് പോയതിന് തിരിച്ചാക്രമിച്ച് സംഘർഷം ഉളവാക്കുകയല്ല വേണ്ടത് ഇനിയും ഒരാക്രമണത്തിന് ഇരയാകാതിരിക്കുവാൻ സംഘടനാ ബലം വർദ്ധിപ്പിക്കുകയത്രേ ആവശ്യമായത്. ചുറ്റുമതിൽ ശക്തമാവുമ്പോൾ സുരക്ഷിതത്വം ഉറപ്പാക്കപ്പെടുന്നതുപോലെ.

- ആ അവതാരം അവിടെ ജനിച്ചതിനാൽ, അതന്യാധീനപ്പെട്ടതിനാൽ കൈവശപ്പെടുത്തുകയല്ല അവരുടെ ആദർശവും ത്യാഗവും അനുഷ്ഠിക്കുകയും പ്രചരിപ്പിക്കുകയും അവബോധം വളർത്തുകയുമത്രേ അനിവാര്യമായത്. സംഘർഷങ്ങൾ ഒന്നിനും ശാശ്വത പരിഹാരങ്ങളല്ല. ആത്മനാശത്തിനുതകുമെന്നല്ലാതെ സ്വസ്ഥവും ശാന്തവുമായ ജീവിതമാണ് ജനതയ്ക്കാവശ്യം. അവരെയൊരിക്കലും ആക്രമത്തിന്റെ പാതയിലേക്കാനയിക്കരുത്. ഒരുവേള, അതിനത്രേ പരിശ്രമമെങ്കിൽ ഓർക്കുക നിങ്ങൾ കൊട്ടിഘോഷിക്കുന്ന അവതാരത്തിന്റെ മഹത്വമെന്തെന്ന് നിങ്ങൾക്ക് തന്നെ അറിയില്ലെന്ന്.

- അവതാരങ്ങളെന്നും ആചാര്യന്മാരെന്നും അവരോധിക്കപ്പെടുന്നതി


kalkipuri.com



നാധാരം അവനവനെന്തറിയുന്നതിനാലത്രേ. അവരൊരിക്കലും വിധ്വംസക പ്രവർത്തനങ്ങളെ ഊട്ടിവളർത്താറില്ല. ആത്മാവബോധവും, സംഘടനാശേഷിയും, ഊർജ്ജസ്വലതയും തന്മൂലം സാമൂഹിക പുരോഗതിയുമത്രേ അവരുടെ ആഗമനോദ്ദേശ്യം.

* ആക്രമിക്കുകയല്ല ഭാരതത്തിന്റെ ആദർശം; ആക്രമിക്കപ്പെടാതിരിക്കുവാൻ സുസജ്ജമാകുകയത്രെ.
* അവതാര പരമ്പരകളിലെ പാദസ്പർശങ്ങളേറ്റിടങ്ങൾ അന്യാധീനങ്ങളെങ്കിൽ, ആക്രമണോത്സുകത വളർത്തുകയെന്നതിലല്ല, സഹകരണത്തോടെ അവ ഭാരതത്തിന്റെ സഹിഷ്ണുതയുടെ ധ്വജസ്തംഭങ്ങളാക്കുകയത്രേ ആവശ്യമായത്.
* ആചാര്യന്മാരും അവതാരങ്ങളും സ്വീകരിച്ചിട്ടേയുള്ളൂ. മാപ്പ് നൽകിയിട്ടേയുള്ളൂ, ക്രൂരന്മാരോട് പോലും അത്തരമൊരു പാരമ്പര്യത്തിനാധികാരിയായിത്തീരാൻ, വളർത്തുക, പ്രോജ്ജ്വലിപ്പിക്കുക അവരുടെ സ്നേഹഭാവങ്ങളുടെ ആന്തരികത നിങ്ങളിലും.
* സൃഷ്ടിക്കുനിദാനം പോരായ്മയും പോരായ്മയുടെ അനുഗമനം പരിണാമവുമത്രേ. ഇവ മറന്നുകൊണ്ടുള്ള യാതൊരു പ്രവർത്തനവും ശാശ്വത വിജയത്തിലെത്തുകയില്ല. നിങ്ങളുടെ കൂടെപ്പിറപ്പുകളുടെ കുറവുകൾ കുറ്റങ്ങളായല്ല പോരായ്മയായത്രെ പരിഗണിക്കേണ്ടത്. അപ്പോഴേ സ്നേഹത്തിന്റെയലയൊലി അനുഭവിക്കാനാവൂ.
* ചിത്തശുദ്ധി കൈവരിക്കുന്നതിലത്രേ മാഹാത്മ്യം കൂടി കൊള്ളപ്പെടുന്നത്. അതാകട്ടെ നമുക്ക് ചുറ്റുമുള്ളവരെ ഈശ്വരതുല്യം സ്നേഹിക്കുന്നതിലൂടെയത്രേ കൈവരിക്കപ്പെടുന്നതും.
* നാം ആഗ്രഹിക്കുന്നതും നാം ആർജ്ജിക്കുന്നതും നിർണ്ണയിക്കുന്നത് കർമ്മമത്രേ!
* ഭൂതകാല കർമ്മങ്ങളുടെ ഫലമാണ് ഇന്നത്തെ നാമെങ്കിൽ ഭാവിയിലെ നാമെന്തെന്ന് വർത്തമാനകാല കർമ്മങ്ങൾ വ്യക്തമാക്കുന്നു.
* സംഘടനയുടെ പുറത്തുള്ള ആളുകളുമായി കൂടിച്ചേരുമ്പോൾ, സകലരേയും സ്നേഹിക്കുക. ഒത്തു ചേർന്ന് അവരിലൊരാളായിത്തീരുക. വിരോധം വെച്ചു പുലർത്തരുത്. 'അയാൾ സാകാരത്തെ മാനിക്കുന്നു', 'നിരാകാരത്തെ മാനിക്കുന്നില്ല', 'ഇയാൾ നിരാകാരത്തെ സ്വീകരിക്കുന്നു'. 'സാകാരത്തെ സ്വീകരിക്കുന്നില്ല'. 'ഇയാൾ ഒരു

kalkipuri.com



ഹിന്ദു. അയാളൊരു മുസൽമാൻ, മറ്റേയാളൊരു കൃസ്ത്യാനി' യെന്നും പറഞ്ഞ് ആരെയും വെറുക്കുരുത്. ഈശ്വരൻ തന്നെയാണ് ഓരോരുത്തർക്കും ഓരോ വിധത്തിലുള്ള അറിവ് കൊടുത്തിരിക്കുന്നത്. അയാളുടെ സ്വഭാവം വിഭിന്നമാണെന്ന് മനസ്സിലാക്കുക. അതറിഞ്ഞുകൊണ്ട് അവരുമായി ഇടപഴകുക. ആവും പോലെ എല്ലാവരെയും സ്നേഹിക്കുക. എന്നാൽ സ്വന്തം അറയ്ക്കുള്ളിൽ ശാന്തിയും ആനന്ദവും അനുഭവിക്കുക.

* കുടുംബങ്ങളിലെ ഐക്യത സമൂഹത്തിന് ബലവും സമൂഹത്തിന്റെ ബലം രാഷ്ട്രത്തിന്റെ ശക്തിയുമാകവേ, കുടുംബബന്ധങ്ങളിലുണ്ടാകുന്ന അസ്ഥിരത അകറ്റുവാനും, അവരുടെ ആവശ്യങ്ങൾ നിറവേറ്റിയെടുക്കുന്നതിനും, കേന്ദ്രീകരിക്കുന്നതിലത്രേ സംഘടനയുടെ പ്രവർത്തനവിജയം.

* ഗുരുകുല വിദ്യാഭ്യാസങ്ങളായിരുന്നു ഹിന്ദുവിന്റെ സംസ്കാരത്തിന്റെ ഉരക്കല്ലെങ്കിൽ, അവ പുനസ്ഥാപിക്കാനുള്ള പരിശ്രമം - നവോത്ഥാനത്തിന്റെ പ്രഖ്യാപനവും; പ്രാവർത്തിക രംഗത്ത് അവ നടപ്പാക്കപ്പെടുമ്പോൾ- മാറ്റത്തിന്റെ അലയൊലി അനുഭവിക്കുവാനും ഋഷിപ്രോക്ത സത്യങ്ങളിലേക്കാനയിക്കാനും, ഭാവിഭാരതത്തിന്റെ മാർഗ്ഗദീപം പ്രകാശിതമാക്കുവാനും സനാതന ധർമ്മത്തിന് കഴിയുമെന്ന് തീർച്ച

* വ്യക്തമായ പാഠ്യപദ്ധതിപ്രകാരം തത്വാധിഷ്ഠിത സമീപനത്തിലൂടെ ഗുരുകുലവിദ്യാഭ്യാസ സമ്പ്രദായം ഓരോ കുടുംബസമിതികളിലും നടപ്പിലാക്കണം.

* പങ്കെടുക്കുന്ന കുട്ടികൾക്ക് ശാരീരിക മാനസിക ബൗദ്ധിക വികാസങ്ങൾക്ക് കായിക കലാ സാഹിത്യ മത്സരങ്ങളും അഭിരുചിക്കനുസരിച്ച് കൈത്തൊഴിലുകളും അഭ്യസിപ്പിക്കേണ്ടതും ഭാവി ജീവിതത്തിന് സാമ്പത്തിക സഹായങ്ങൾ ലഭിക്കുവാൻ ഉതകുന്ന പദ്ധതികളിൽ പങ്കാളിയാക്കുന്നതും അവരുടെ പ്രയാസങ്ങൾക്ക് പരിഹാരം കാണാൻ പരിശ്രമിക്കേണ്ടതുമാണ്.

* കുട്ടികൾക്കെന്നപോലെ മുതിർന്നവർക്കും സംസ്ക്കാരത്തിന്റെ സ്രോതസ്സുകൾ കണ്ടെത്തുവാൻ മാസം തോറും നടത്തിവരുന്ന സത്സംഗ ക്ലാസ്സുകളിൽ അവസരമുണ്ടാകണം.



* ജനതയാണ് ഏറ്റവും വലിയ ശക്തി. അവർക്കുപകാരപ്രദമായ പദ്ധതികൾ നടപ്പാക്കുന്നതിൽ അവരുടെ സഹകരണത്തിന് നാനൂറ് മടങ്ങ് ശക്തിയുണ്ടായിരിക്കും, കേവലം അവയുടെ യാഥാർത്ഥ്യാവശ്യങ്ങൾ ബോധ്യപ്പെടുത്തിക്കൊടുക്കണമെന്നുമാത്രം.

* ജനതയാണ് ഏറ്റവും വലിയ ശക്തി. അവർക്കുപകാരപ്രദമായ പദ്ധതികൾ നടപ്പാക്കുന്നതിൽ അവരുടെ സഹകരണത്തിന് നാന്നൂറ് മടങ്ങ് ശ്ക്തിയുണ്ടായിരിക്കും; കേവലം അവയുടെ യാഥാർത്ഥ്യവശങ്ങൾ ബോധ്യപ്പെടുത്തിക്കൊടുക്കണമെന്നു മാത്രം.

* തൊഴിലില്ലയ്മ അനുഭവിക്കുന്ന ചെറുപ്പക്കാരെ അവർക്കിഷ്ടപ്പെട്ട അഭിരുചിയ്ക്കനുസരിച്ച കൈത്തൊഴിലുകൾ അഭ്യസിപ്പിക്കണം. അങ്ങനെ അവരുടെ കഴിവുകൾ വികസിപ്പിച്ച് ആത്മവിശ്വാസം വർദ്ധിപ്പിക്കുവാൻ ഇട വരുമ്പോൾ ശങ്കിക്കേണ്ട. അലസതയകന്ന് കർമ്മധീരന്മാരായി സ്വന്തം കാലിൽ നിൽക്കുന്നത് സന്തോഷത്തോടെ കാണാൻ കഴിയും അതോടെ അവർക്കറിവിന്റെ കിരണങ്ങൾ ആവാഹിക്കാനുള്ള യജ്ഞത്തിൽ വ്യാപൃതരാവാൻ ഔത്സുക്യം വർദ്ധിക്കും. പിന്നീട് നിങ്ങൾ പറയേണ്ട, നിങ്ങൾ നിയന്ത്രിക്കേണ്ട അവർ സ്വയം അന്വേഷിക്കും. പരമാർത്ഥവും വഴിയും എന്തെന്ന്; അവ തന്നിൽ തന്നെ എന്ന് അവർക്കറിവ് ലഭിച്ചു തുടങ്ങുമ്പോൾ തെല്ലിട സംശയിക്കാതെ സ്നേഹിക്കും ഈ വിശ്വത്തെ മുഴുവൻ; ഇവിടെ നരകയാതന അനുഭവിക്കുന്ന ഓരോരുത്തനേയും സ്വന്തം ഭ്രാതാവായി സ്വീകരിക്കും; ശുശ്രൂഷിക്കും; കണ്ടെത്തും അവരിലൂടെ പ്രപഞ്ച നിയന്താവിനെ.

* ക്രിസ്തു മതത്തിലും ഇസ്ലാമതത്തിലും ലോകം മുഴുവൻ – അവർ അധിവസിക്കുന്നിടങ്ങളിലെല്ലാം സ്വന്തം സന്ദേശങ്ങൾ ഓരോ സമയം എത്തിക്കുവാനുള്ള വേദിയാണവർക്ക് പള്ളികൾ. സമ്പർക്കത്തിന് സമൂഹത്തിന്റെ സർവതോന്മുഖമായ പുരോഗതിയിൽ അവഗണിക്കാനാവാത്ത പങ്കുണ്ടെന്ന് അവരുടെ ആചാര്യന്മാർക്ക് അറിയാമായിരുന്നതു കൊണ്ട് ജഗത്തിന്റെ കാരകന് സ്തുതി പറയാനുള്ള വേദിയാക്കി സമ്പർക്കത്തിനുള്ള ഉപാധി ഭംഗിയായി നിർവഹിച്ചു; വർഗ്ഗ ചിന്തകൾക്കതീതമായി സനാതന ധർമ്മത്തിലെ സന്താനങ്ങൾക്ക് ഒത്തുകൂടാനുള്ള വേദി എവിടെ? വിഷ്ണുവിനേയും ശിവനേയും കാളിയേയും പൂജിക്കുന്ന വരെന്നു ചൊല്ലി; ആ ആചാ

kalkipuri.com




ര്യന്റെ സമീപം പോകുന്നതിനാൽ മറ്റെങ്ങും പോകില്ലെന്നു ചൊല്ലി അസംഘടിതരായി കഴിയുകയല്ലേ നിങ്ങൾ ഓരോരുത്തരും; വിശ്വാസം ആന്തരികമാണ്. അത് അവരവർക്ക് ഇഷ്ടമുള്ളതാക്കാം. പക്ഷേ സമ്പർക്കം ബാഹ്യമാവുന്നു. അതിന് സംഘടനം കൂടിയേ തീരു. അതിനാകട്ടെ നമ്മുടെ പ്രവർത്തനം അതാകട്ടെ നമ്മുടെ ജീവിത ലക്ഷ്യം.

* പാടില്ല, ഒരിക്കലും ഇനി പാടില്ല. അനവധി ആചാരങ്ങളിലൂടെ കഴിയുന്ന അസംഘടിതരായ ഈ ജനതയിനി അലഞ്ഞ് തിരിയുന്നവരാകാൻ പാടില്ല. അവരറിയട്ടെ സ്വന്തം സംസ്ക്കാരത്തിന്റെ ഗുണദോഷങ്ങൾ; അവർ വിലയിരുത്തട്ടെ പോരായ്മയുടെ ആരംഭം എവിടെ എന്ന്; അവർ വിമർശിക്കട്ടെ പോയകാലത്തെ ദുഷ്ചെയ്തികളെ; അവരോർമ്മിക്കട്ടെ വരും തലമുറയെങ്കിലും സത്യത്തിന്റെ സംഘടനത്തിന്റെ പൊരുളറിഞ്ഞ് ജീവിക്കേണ്ടവരെന്ന്.

* സ്നേഹിതരെ നിങ്ങൾ ഒരിക്കലും എന്റെ പിൻഗാമികൾ എന്നല്ല പറയേണ്ടത്; നിങ്ങൾ ഒരിക്കലും എന്റെ സത്യദർശനങ്ങളുടെ അനന്താരാവകാശികൾ എന്നല്ല പറയേണ്ടത്; നിങ്ങൾ ഒരിക്കലും എന്നെ ആരാധിച്ച് മോക്ഷം നേടുന്നവരെന്നല്ല പറയേണ്ടത്; അടിയുറച്ച ആത്മബലത്താൽ ഉദ്ഘോഷിക്കണം. സനാതന ധർമ്മത്തിന്റെ പിൻഗാമികളാണ് ഓരോരുത്തരും എന്ന്; അനുഭവ സമ്പത്തുള്ള ആചാര്യ പരമ്പരകളത്രെ അവക്കടിത്തറയേകിയതെന്ന്; ഒരു വ്യക്തിയുടേയോ ഒരു പുസ്തകത്തിന്റേയോ കേന്ദ്രീകരണത്തിലല്ല പകരം ആത്മസാക്ഷാത്ക്കാരം നേടിയ പുണ്യാത്മാക്കളുടെ ജീവിത രീതിയത്രെ ഈ ധർമ്മത്തിന് അവലംബമെന്ന് ; വ്യക്തിയെയല്ല ധർമ്മത്തെ ഉൾക്കൊള്ളുന്നവരത്രെ ഈ ജനതയെന്ന്.

* നിങ്ങളിലെ ക്ഷേത്ര വിശ്വാസങ്ങളെ അവയിലൂടെ തന്നെ ഊട്ടി വളർത്തി സമൂഹത്തിന്റ അന്തഃഛിദ്രങ്ങളെ അവസാനിപ്പിക്കുന്നതിന് വേദിയാക്കാനുള്ള പരിശ്രമമത്രേ, സത്യത്തിന്റെ പൊരുൾ എന്തെന്നറിയാനുള്ള അഭിവാഞ്ഛയിലേക്കാനയിക്കാൻ നിങ്ങളെ സഹായിക്കുകയുള്ളൂ; ഓരോ ദേശത്തിലേയും ആചാരങ്ങളെ വിമർശന ബുദ്ധിയോടെ സ്വീകരിച്ച് അവലോകനം ചെയ്ത് അകപ്പൊരുൾ അന്വേഷിക്കുമ്പോൾ എത്തിച്ചേരുക-ദരിദ്രനാരായണൻമാർക്ക് ജീവിതാനുകൂല്യങ്ങൾ നൽകി അവരെ ഉച്ചസ്ഥരാക്കാനുള്ള വഴി

kalkipuri.com



യെന്തന്നതിലത്രെ; ഒന്നുറപ്പിക്കൂ -എല്ലാ ആചാരാനുഷ്ഠാനങ്ങളും വിരൽ ചൂണ്ടുന്നത് ജീവികളിൽ അന്തർഭവിച്ചിരിക്കുന്ന ആത്മചൈതന്യത്തെയെന്ന്.

* സായിയെയോ, അമ്മയെയോ, സത്യാനന്ദ സരസ്വതിയേയോ, ഗുരുവായൂരപ്പനെയോ, ശബരിമല ശാസ്താവിനേയോ അവരവർക്കിഷ്ടമുള്ള ആരെയും ആചാര്യന്മാരായി കരുതാം. ആചാര്യന്മാരിൽ ആരെയാണ് അനുഭവത്തിൽ നിന്ന് ഉരുത്തിരിയേണ്ടതിനാൽ അവരവർക്ക് ഇഷ്ടമുള്ളത് തിരഞ്ഞെടുക്കുക. പക്ഷേ ഓർക്കുക, അവരെല്ലാം സനാതനധർമ്മത്തിന്റെ വക്താക്കളെന്ന് നാം എല്ലാം ഒന്നിച്ചണിനിരക്കേണ്ടവരാണെന്നും. ആത്മീയതയുടെ അന്തർഭാവ വികാസം ജീവിതത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്കാണെന്നത് വിസ്മരിക്കാതിരിക്കുക.

* യുക്തികൊണ്ടൊരിക്കലും എന്നെ അറിയുകയില്ല; ഭക്തികൊണ്ടനുഭവിക്കാം, ജ്ഞാനം കൊണ്ടാസ്വദിക്കാം.

* ഭ്രാന്താലയമെന്ന് ചൊല്ലിയിടത്തുനിന്നു തന്നെ എനിക്ക് ആരംഭിക്കേണ്ടിയിരിക്കുന്നു. ഇന്ന് ഈ ജനത പ്രബുദ്ധരാണ്; കേവലം നശ്വര പദാർത്ഥങ്ങളിൽ പ്രബുദ്ധരാണ്. അതേ വിഷയ സുഖങ്ങളും സുഖ ലോലുപതയും ഏറെ അനുഭവിച്ചുകൊണ്ടിരിക്കുന്ന ജീവന് വ്യക്തമായിക്കൊണ്ടിരിക്കും, ഇവയിലൊന്നും ആന്തരികാനന്ദം, ശാശ്വതാനന്ദം ഇല്ലെന്ന്. അപ്പോഴത്രെ വളരെ സൗകര്യം. അവരുടെ സമീപത്തുകൂടി തെല്ലൊന്നാഞ്ഞു വീശിയാൽ ആത്മാനന്ദത്തിന്റെ ഇളം കാറ്റൊന്നാഞ്ഞു വീശിയാൽ, കുതറിയോടും വിഷയ സുഖങ്ങളിൽ നിന്നും ത്യാഗത്താൽ ഉരുത്തിരിയുന്ന ആത്മാനന്ദത്തിലേക്ക് വിഷ്ണുവിന്റെ കൗസ്തുഭത്തിൽ പരിലസിക്കുന്ന ഈ കൊച്ചുകേരളത്തിൽ നിന്നു തന്നെ ആരംഭിക്കേണ്ടിയിരിക്കുന്നു. പ്രകൃതിയുടെ വിധിനിയമങ്ങളെ, സൃഷ്ടികർത്താവിന്റെ അലംഘനീയങ്ങളായ ആജ്ഞകളെ, അതെ, അവ എനിക്ക് പുന:സ്ഥാപിക്കേണ്ടിയിരിക്കുന്നു. വാക്ക് തരുന്നു 2033 ന് മുമ്പായി ഭാരതത്തെ ലോകരാഷ്ട്രങ്ങളുടെ നേതൃസ്ഥാനത്തേക്കുയർത്തിയേ ഞാൻ തിരിച്ചു പോകൂ. താന്ത്രോന്നിവാസത്തിൽ നിന്നും ഈ ജനതയെ അനുസരണയുടെ,ആദർശത്തിന്റെ, ആജ്ഞാനശക്തിയുടെ വക്താക്കളാക്കിയേ ഞാൻ തിരിച്ചു പോകൂ, കേവലം 35 വർഷത്തിനുള്ളിൽ

kalkipuri.com



ഇവ നടപ്പാക്കാൻ ഭാരത ജനതയുടെ സഹകരണമല്ല സേവനമത്രെ എനിക്കാവശ്യം. കാരണം ഞാനൊന്നും ഇച്ഛിക്കുന്നില്ല. അതിനാൽ എനിക്ക് നിങ്ങളിൽ നിന്ന് സേവനമാണ് വേണ്ടത്. സഹകരണം ലാഭക്കൊതിയിലേക്കാനയിച്ചേക്കാം. തികച്ചും നിഷ്കളങ്കമായ സേവനമത്രെ ഞാനാവശ്യപ്പെടുന്നുത്. അഹിംസയിലൂന്നയ പ്രവർത്തനത്താൽ സമൂഹത്തിനാകെയുള്ള വികസനത്തെ നമുക്ക് കരഗതമാക്കാം. തെല്ലിട സംശയിക്കേണ്ട; പ്രയത്നത്താൽ സഫല മാവാത്തതായി ഒന്നും തന്നെ ഈ പ്രപഞ്ചത്തിലില്ലെന്നത്. ധന വാന്റെ ധനത്തെയും സാധാരണക്കാരന്റെ കായബലത്തെയും ഒരു നാണയത്തിന്റെ രണ്ട് വശങ്ങളെന്ന പോൽ പ്രായോഗിക പ്രവർത്തന പദ്ധതികളിൽ നമുക്കാവശ്യമത്രെ. സമാഹരിക്കണം മനുഷ്യ സമ്പത്ത്, അവയിലൂടെയാകുന്നു മറ്റെല്ലാം വന്നു ചേരുന്നത്. സനാ തന ധർമ്മത്തിൽ വിശ്വസിക്കുന്നവർക്ക് ജീവിതായോധനങ്ങളിൽ വഴികാട്ടിയും ക്രമാനുഗതമായ പ്രശ്നങ്ങളിൽ സംരക്ഷണവും നൽകാൻ സാധിക്കണം. അവർക്കിടയിൽ വേർതിരിവില്ലാതെ ഒരൊറ്റ ധർമ്മത്തിന്റെ വിവിധ ശ്രേണികളെന്ന ദൃഢവിശ്വാസത്തിലധിഷ്ഠി തമായ പ്രവർത്തനപദ്ധതികളത്രേ നമുക്കാവശ്യം. അതിനാവട്ടെ അടുത്ത ഓരോ നിമിഷങ്ങളിലേയും പ്രവർത്തനങ്ങൾ.

* കെട്ടിക്കിടക്കുന്ന കാശിനുടമസ്ഥരായവർ ഒരു വേള ചിന്തിക്കുക ഒരു നേരത്തെ ആഹാരത്തിന് പോലും ഗതിയില്ലാതെ; ഒന്നന്തിയു റങ്ങാൻ ഇടമില്ലാതെ; താലി പ്രായമായിട്ടും ഒട്ടും പൊൻ പണം നല്കി ഇഷ്ടമുള്ളാചാരത്താൽ മംഗല്യമൊത്തീടാത്ത; അന്ത്യകാ ലത്താശ്രയം ഏതുമില്ലാത്ത; നാനാവിധാചാരങ്ങളാലലയുന്ന സഹ ജീവികൾ ഒരു തുള്ളി കനിവിന്നായി ഇടനെഞ്ചുരുകി കരയു ന്നാർത്തനാദത്താൽ എരിയുന്നൊരമ്മയത്രേ ഭാരതാംബയെന്ന്, ഒരു വേള അറിയുക, ദാനത്തിൽ നിന്നുരുത്തിരിയുന്ന ആനന്ദം ആന യിക്കുക ആത്മാവെന്തെന്ന പൊരുളിലേക്കെന്ന് ഒരു വേള ശ്രമി ക്കുക, അതിൽ നിന്നൊരു ഭാഗത്തിൽ ഒരുപാതി ആ ആർത്ത ന്മാർക്കറിഞ്ഞു നല്കുവാൻ

* ഹേ ഭഗവൻ, ഭാരതത്തിലെ ഉൽഘോഷിക്കപ്പെടുന്നതിൽ ഒരു ക്ഷേത്രത്തിലെ ഒരു മാസത്തെ വരുമാനം ഒരു വ്യവസായമാരംഭി ക്കാനധികമായിട്ടും എന്തേ ഭഗവാനതിനുള്ള ആജ്ഞ നല്കി അര

kalkipuri.com




വയറുണ്ടാർത്തനാദത്താലലയുന്നയീ ഭാരത ജനതയാശ്വാസമേകീടാത്തത്?

* അറിവാകുന്നു അവകാശങ്ങളെന്നും അവസരങ്ങളേതെന്നും അറിയിക്കുന്നതെങ്കിൽ ആ അറിവെന്തെന്നറിയാത്ത ആഗ്രഹിക്കാത്ത ഒരു ജനതയെ ഊട്ടി വളർത്താനധികാരികൾ ആഞ്ഞു ശ്രമിക്കുമ്പോൾ അറിയുക, ആ രാജ്യം അധ:പതനത്തിന്റെ അന്ധകാരത്തിന്നോടുടുത്തുകഴിഞ്ഞെന്ന്.

* മറ്റ് മതസ്ഥരിലെ സഹോദരങ്ങൾക്ക് ജീവിത പ്രശ്നങ്ങളിൽ സഹായം ആവശ്യമെന്നു കണ്ടാൽ മതാദ്ധ്യക്ഷന്മാരേയും അവരുടെ സംഘടനകളേയും വിവരങ്ങളറിയിച്ച് അവരാൽത്തന്നെ ആ സഹോദരങ്ങൾക്ക് കാരുണ്യം എത്തിക്കുവാൻ വേണ്ട ഏർപ്പാടുകൾ- വഴിയോരങ്ങളിൽ സുഖമില്ലാതെ വീണുകിടക്കുമ്പോൾ മതം നോക്കാതെ ആശുപത്രിയിലെത്തിച്ച് ചികിത്സക്കുള്ള സൗകര്യം ചെയ്ത് അവരുടെ സംഘടനകളെ അറിയിക്കണം. ഇതേ പോലെയുള്ള അത്യാവശ്യമാനുഷിക മൂല്യങ്ങളിൽ മതമോ മറ്റനന്തര ഘടകങ്ങളും ശ്രദ്ധിക്കാതെ എല്ലാവരിലും കുടികൊള്ളുന്ന ഭഗവൽ ചൈതന്യം സ്നേഹ സ്വരൂപത്തിലാണ് പ്രകാശിക്കുന്നതെന്നുള്ള ദൃഢനിശ്ചയത്താൽ സഹായം ചെയ്യുക, സേവനത്തിനുത്സുകരാവുക - ചെയ്യണം.

* കുടുംബസമിതികൾ രൂപീകരിക്കുമ്പോൾ സമീപസ്ഥരായ മററ് മതസ്ഥരോട് എങ്ങിനെ പെരുമാറണം എന്നതിനെകുറിച്ചല്പം സംശയം തന്നെ ഇന്നത്തെ സാഹചര്യത്തിൽ ഉണ്ടായേക്കാം; സ്വാഭാവികം മാത്രം. സമീപസ്ഥരായ മറ്റ് മതങ്ങളിലെ സഹോദരങ്ങൾക്ക് ജീവിത സൗകര്യങ്ങളിലും പ്രശ്നങ്ങളിലും സൃഷ്ടികർത്താവെന്നർത്ഥത്തിൽ സകല ജീവരാശികളിലും നിറഞ്ഞു നിൽക്കുന്ന ചൈതന്യത്തെ അവരവർക്കിഷ്ടമുള്ള ആചാരത്താൽ ആരാധിക്കുന്നതിനും വേണ്ടതായ ഉചിതമായ സ്നേഹത്താൽ സമ്പുഷ്ടമായ സമീപനരീതി കൈക്കൊള്ളേണ്ടതും ഭാരതദേശത്തധിവസിക്കുന്ന എല്ലാ പ്രാമാണികൾക്കും സംരക്ഷണമേകുകയത്രെ ഞങ്ങളുടെ ജീവിതലക്ഷ്യമെന്നറിവാകുന്ന സത്യത്തിൽ ആണയിട്ടുറപ്പിച്ച പ്രവർത്തന പദ്ധതികളായിരിക്കണം സംഘടനയിൽ എല്ലാവരും നടത്തേണ്ടത്.


kalkipuri.com



* പ്രകൃതിയിലോരോന്നിന്റേയും ഘടന, സ്വാഭാവ വിശേഷം, പ്രവർത്തനരീതി എന്നിവ വ്യത്യസ്ഥമായിരിക്കേ അംഗീകരിക്കണം എല്ലാവരിലേയും താൽപര്യങ്ങളിലെ വിവിധ വശങ്ങൾ; അർത്ഥ സമ്പുഷ്ടതയോടെ, കാര്യഗൗരവത്തോടെ, ഭാവനകളും നേടേണ്ട ലക്ഷ്യങ്ങളും താൽപര്യങ്ങളും, സംസ്കാരങ്ങളും വ്യത്യസ്ഥമായിരിക്കേ പരമാർത്ഥത്തിന്റെ പൊരുളറിഞ്ഞ ഋഷി പരമ്പരകൾ ഉൾക്കൊണ്ട ഇവരെല്ലാം പ്രവർത്തിക്കപ്പെടുന്ന ഊർജ്ജത്തിനുറവിടം ഒന്നാണെന്നതിനാൽ സ്വീകരിച്ചാശ്രയം നല്കി വിവിധ സംസ്ക്കാരങ്ങളെ, വിവിധ സമ്പ്രദായാടിസ്ഥാനത്തിലുള്ള ആചാരങ്ങളെ; അവർ സ്നേഹിച്ചു ജഗത്തിലന്തർഭവിച്ച സകല ജീവികളേയും; അവർ ഉൽഘോഷിച്ചു 'ലോകാ സമസ്താ സുഖിനോ ഭവന്തു'. അതെ! സർവ്വചരാചരങ്ങൾക്കും സുഖവും ശാന്തിയും മേകീടാനിടവരട്ടെയെന്നവർ പ്രാർത്ഥിച്ചു. ആ പരമ്പരയിലെ ഈ തലമുറയിലെ കണ്ണികളാവാൻ സാധിച്ച നമുക്കഭിമാനിക്കാം, ആഹ്ലാദിക്കാം ആനന്ദത്തിലാർത്തുല്ലസിച്ചിടാം, കൈകോർത്താഞ്ഞു പരിശ്രമിച്ചിടാം തത്തുല്യാവസ്ഥയിൽ തന്നെ സകല ജീവികളേയും അവരുടെ ധർമ്മങ്ങളാചരിച്ചുകൊണ്ടുതന്നെ, അവരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊണ്ട് തന്നെ, അവരുടെ സാത്വിക പ്രവർത്തനങ്ങൾക്കവസരം നല്കികൊണ്ടുതന്നെ; സ്നേഹിച്ചിടാം ഉറക്കെ ഉൽഘോഷിച്ചിടാം ഞങ്ങൾ സനാതന ധർമ്മതത്തിന്നനന്തരഗാമികളെന്ന്!

* അതിനാൽ തന്നെ ഭാരതം ഹിന്ദുരാഷ്ട്രമാവണമെന്നരാജകത്വ വചനങ്ങൾ, മുളയിലേ നുള്ളിക്കളയുക. നിങ്ങളിലാർത്തിരമ്പട്ടെ കരകവിഞ്ഞൊഴുകട്ടെ ഈ മന്ത്രം; ഭാരതം സംസ്ക്കാര സമ്പന്നതയെ ആലിംഗനംചെയ്യുന്നമ്മയെന്ന്, ഭാരതം നിറഞ്ഞൊഴുകുന്ന സ്നേഹ ധാരയാമമ്മയെന്ന്, ഭാരതം പുണ്യപുരുഷന്മാർക്കേറെ ജന്മം നല്കുന്നൊരമ്മയെന്ന്. വിവിധ മതങ്ങളേയും ചേർത്തിണക്കിക്കൊണ്ട് മുന്നേറാം വീറോടെ ആനയിക്കാം സത്യത്തിന്റെ സ്നേഹത്തിന്റെ തീരങ്ങളിലേക്ക്, ശാന്തിയുടെ വാഹകയായ ഭാരതാംബയെ.


* നിങ്ങളിലെ കക്ഷിരാഷ്ട്രീയത, ജാതി വിഭാഗീയത, ഭാഷാ വ്യത്യാസം, ധനവാനെന്നോ ദരിദ്രനെന്നോ ഉള്ള വിലയിരുത്തൽ, സ്ത്രീയാണോ പുരുഷനാണോ, ഈശ്വര വിശ്വാസിയാണോ അല്ലയോ ഇത്യാദി ധാരണ, ഇല്ല ഇവയൊന്നും തന്നെ വിലങ്ങുതടി



യല്ല ഈ പ്രസ്ഥാനത്തിലംഗമാകാൻ. ആരായുന്നത്, ഒരൊറ്റ ചോദ്യം– നിങ്ങൾ സനാതന ധർമ്മത്തിലാണോ എങ്കിൽ ശരി, നിർബന്ധമായും ഇതിലംഗായേതീരൂ.


* ശ്രദ്ധയോടെ കേൾക്കൂ, ഒരുവേള നെറ്റി ചുളിച്ചേക്കാം. കാരണം നിങ്ങളിലെ സങ്കൽപങ്ങളെ അവയൊരു പക്ഷെ കടപുഴക്കിയെറിയാൻ വീര്യമുള്ളതായേക്കാം. എങ്കിലും സത്യം പറയുക, പ്രവർത്തിക്കുക, നടപ്പിൽ വരുത്തുക അതെന്റെ ധർമ്മമാണ്, കടമയാണ്. അതിനാൽ തുടരട്ടെ – പുരാണങ്ങളിൽ, ഉദാഹരണത്തിന് ദേവീ മാഹാത്മ്യത്തിൽ ഏറെ ശ്രദ്ധിക്കപ്പെടുന്നൊരു ഭാഗമുണ്ട്. സകല ദേവന്മാർക്കും ദേവികൾക്കും വധിപ്പാനസാദ്ധ്യമായ പരാക്രമശാലിയായ അസുര ചക്രവർത്തിമാരെ – പേരെടുത്തു പ്രത്യേകം സൂചിപ്പിക്കുന്നില്ല – വധിക്കാനായി പുതിയൊരു സൃഷ്ടിക്കു രൂപം കൊടുക്കുവാൻ തെയ്യാറാവുന്നതും, അതിനായിട്ടവരവർ സ്വന്തം ആയുധങ്ങൾ നൽകി ശക്തിയേകി, കൃത്യം നിറവേറ്റി, സ്തുതി വചനങ്ങളാൽ ചരാചരനിയന്താവായ പ്രപഞ്ചശക്തിയെ വാഴ്ത്തുന്നതും, നടത്തപ്പെട്ട സംഭവത്തോടനുബന്ധമായ നാമങ്ങളോടെയാ രൂപം. പിന്നീട് അറിയപ്പെടുന്നതുമായ ഉദാഹരണത്തിന് ദുർഗ്ഗയെന്നും ചാമുണ്ഡിയെന്നും നാമധേയങ്ങളാൽ ആരാധിച്ചു വരുന്നവ ദേവി രൂപങ്ങൾ – ഔത്സുക്യതയോടുള്ള കഥാഭാഗങ്ങൾ ചേർത്തതാണല്ലോ നമ്മുടെ ഇതിഹാസങ്ങളും പുരാണങ്ങളും. ഒരു വലിയ കാര്യം തത്വദർശനങ്ങളുടെയാകപ്പൊരുളോടു കൂടിയതാവുമ്പോൾ നേരിട്ടവതരിപ്പിക്കുക പ്രയാസം. ഉൾക്കൊള്ളാൻ, വിശകലനം ചെയ്യാൻ പ്രയാസമേറിയതിനാൽ, ആശ്രയിക്കുന്നു, ഉപമാലങ്കാരങ്ങളേയും അർത്ഥചമൽക്കാരങ്ങളേയും. അതുപോലെ മനസ്സിന്റെ സാത്വീകഭാവത്തെ ഉൾക്കൊള്ളുന്നവരിൽ വിശേഷഭാവനയിൽ പൂർണ്ണത വരാത്തവരും നല്ലതിനെമാത്രം ആഗ്രഹിക്കുന്നവരും എന്തും ഏതും പരിമളമുള്ളതുമാത്രം ഇഷ്ടമുള്ളവരും, കഷ്ടങ്ങളോ ദുരിതങ്ങളോ ദുർഗന്ധമേറിയതോ ആയ കാര്യങ്ങൾ തനിക്കുപറ്റില്ലെന്നതിനാൽ സുഗന്ധപൂരിതമായതിനെ നേടാനായി രാവന്തിയോളം പരിശ്രമിക്കുന്നവരും, സർവ്വനിലും വിളങ്ങിടുന്നത് ഈശ്വരൻ തന്നെയെന്ന പരിപൂർണ്ണാവസ്ഥയാകുന്ന തുരീയാനന്ദത്തിലെത്താത്ത ജീവികളുടെ കൂട്ടത്തെയത്രേ, സാത്വീകരെന്ന് വിളിച്ചത് അലയടിച്ചുകൊണ്ടിരിക്കുന്ന ദുർവ്വിചാരങ്ങളുടെ, ആസുരീയ

kalkipuri.com



ചിന്തകളുടെ ആക്രമണത്തിനെ നേരിടാനാവാതെ ഉഴലുമ്പോൾ നിർദ്ദേശങ്ങളുടെ രൂപത്തിൽ സമീപിക്കുന്ന ചിന്തകളെ ദേവസമൂഹമായും സാഹചര്യങ്ങൾക്കനുസരിച്ച് സമീപ വൃത്താന്തങ്ങളിൽ സാന്ദർഭികമായി എടുക്കേണ്ട തീരുമാനങ്ങളെ പെട്ടെന്നോർമ്മിക്കുന്ന തോന്നലിനെ സന്ദേശാവതാരകനായ നാരദനായും മനസ്സിന്റെ വ്യാപകത്വങ്ങളെ വിഷ്ണു എന്ന പ്രതിപുരുഷനായും, ജീവാവസ്ഥയെ ശിവത്വമായും മനസ്സിലെ അഹംഭാവമാകുന്ന ഞാൻ, എന്റേത്, എനിക്ക് വേണ്ടി ഇവയെല്ലാം പുതിയ പ്രവർത്തനങ്ങൾക്കാധാരമെന്നതിനാൽ സൃഷ്ടികർത്താവായി ബ്രഹ്മാവിനേയും ചിത്രീകരിച്ചതോടൊപ്പം, വളരെ വിഷമകരമായ വിഷയങ്ങളാകുമ്പോൾ സത്യവും മിഥ്യയും തമ്മിലാകുമ്പോൾ; ധർമ്മവും അധർമ്മവും തമ്മിലാകുമ്പോൾ; നീതിയും അനീതിയും തമ്മിലാകുമ്പോൾ; അതെ അറിവുള്ള വ്യക്തി അന്വേഷിക്കും തന്റെ സഹജീവികളോടും തന്നോടു തന്നേയും ഉപായമെന്തെന്ന്. നിർദ്ദേശങ്ങളും ഉപാധികളും സഹായങ്ങളും ആശയങ്ങളും നൽകാൻ സുഹൃദ്വലയം തന്നെയുണ്ടാകും. ഓരോരുത്തരും അവരവർക്കു സാധിക്കാവുന്ന വിധത്തിലായിരിക്കും സഹായിക്കുക. തന്റെ മനസ്സിൽ നിന്നുതന്നെ ഉചിതമായ, പക്വങ്ങളായ തീരുമാനങ്ങൾ ബുദ്ധിപ്രകാശിപ്പിച്ചുകൊണ്ടിരിക്കുകയും യഥാസമയം ചുറ്റുപാടുകളിൽ നിന്നുള്ള സഹകരണവും കൂടിയാകുമ്പോൾ ഒട്ടേറെ ഗുണപ്രദമാവും; പ്രശ്നപരിഹാരത്തിന്. ഉദാഹരണത്തിന് ഒരു കള്ളൻ നാട്ടിലും നഗരങ്ങളിലും യഥേഷ്ടം മോഷണം നടത്തിക്കൊണ്ടിരിക്കുമ്പോൾ സമൂഹത്തിലെ ജാഗരൂകരായ വ്യക്തികൾ രംഗത്തിറങ്ങും, നിർദ്ദേശങ്ങളുയരും; അവസാനം ഉചിതമായ വഴികളിലൂടെ കള്ളനെ പിടികൂടാൻ അവസരമൊരുക്കി കെണിയിലകപ്പെടുത്തും; ഗവൺമെന്റിന്റെ സഹകരണത്തോടെ. അതുപോലെ പരമാർത്ഥമറിഞ്ഞനുഭവിച്ച ഋഷിമാർ ജനതയോടുൽഘോഷണം നടത്തി, പ്രയാസങ്ങളും ദുരിതങ്ങളും ഏറെ അനുഭവിക്കുമ്പോൾ ചിന്തിക്കുക, കൂട്ടായി ചിന്തിക്കുക, ഉടനെ തീരുമാനമെടുക്കുക പോംവഴിയെന്തെന്ന്. എല്ലാവരിൽനിന്നും സ്വീകരിക്കുക സഹായങ്ങൾ. പൊതുപരിപാടികൾക്ക് പിരിവ് നടത്തുന്നതുപോലെ പ്രശ്നപരിഹാര ഭംഗിയായി നടത്തുക അങ്ങനെ ജനങ്ങളുടെ പ്രാരാബ്ധങ്ങളിലും സങ്കീർണതകളിലും പ്രശ്നാധിഷ്ഠിത സമീപനരീതി കൈകൊണ്ട്, പൂർണ്ണമായും ജന

kalkipuri.com




ങ്ങളുമായി സഹകരിച്ച് പദ്ധതികൾ നടപ്പാക്കാൻ ഭരണാധികാരികളോടുള്ള നിർദ്ദേശങ്ങളുടെ സ്ഥൂല സൂക്ഷ്മാവിഷ്ക്കാരമത്രെ പുരാണങ്ങളിലൂടെയും ഇതിഹാസങ്ങളിലൂടെയും സർവ്വസംഗപരിത്യാഗികളായ ഋഷീശ്വരന്മാർ സൂചിപ്പിച്ചത്. സനാതന ധർമ്മങ്ങൾക്കടിസ്ഥാനം വിഗ്രഹാരാധനയെന്ന് മുദ്രകുത്തുന്നവർ ഒന്നിറങ്ങി മുങ്ങുവാൻ, സർവ്വസുഖഭോഗങ്ങളേയും ത്യജിച്ചുകൊണ്ടന്വേഷണം നടത്തുവാൻ തയ്യാറായാൽ അറിയും മഹത്വത്തിന്റെ മണിമാളികയിൽ ആർത്തുല്ലസിക്കുന്ന ആർഷഭാരതത്തിന്റെ സംസ്ക്കാരത്തിന്റെ നിഷ്ക്കളങ്കതയെ. വിലയിരുത്തലുകളിലെ അപാകതകളെ അറിഞ്ഞില്ലെന്ന് നടിക്കാതെ ആഴ്ന്നിറങ്ങുക. ക്ഷമയാകുന്ന ശ്വാസനിയന്ത്രണം ശീലമാക്കി ആഴങ്ങളിലേക്കാഴ്ന്നിറങ്ങുക; വ്യക്തമായിക്കൊണ്ടിരിക്കും വിവക്ഷയെന്തെന്ന്. എങ്കിലും തെറ്റ് സമ്മതിക്കാൻ ഞങ്ങൾ തയ്യാറാണ്. ശരിയിലേക്കുള്ള പാത ശരിയാക്കുന്നത് തെറ്റുകളുടെ അംഗീകരണത്തിലൂടെ, അവയൊഴിവാക്കുന്നതിനുള്ള മാർഗ്ഗങ്ങളുടെ വിശകലനത്തിൽകൂടിയുമെന്നതിനാൽ, ഞങ്ങൾ സമ്മതിക്കുന്നു. ആഗ്രഹകൂമ്പാരങ്ങൾക്കുടമസ്ഥനായവർ സഹജീവികളെ ചൂഷണം ചെയ്യാനുപാധികൾ തിരഞ്ഞവർ, കണ്ടെത്തിയ മാർഗ്ഗങ്ങളായിരുന്നു വിഗ്രഹാരാധനയുടെ അകപ്പൊരുളെങ്കിൽ; സങ്കൽപങ്ങൾക്ക് ശക്തി വർദ്ധിച്ചപ്പോൾ, സാഹചര്യങ്ങളിലൂടെയവ വിശ്വാസപ്രമാണങ്ങളായി, ക്രമേണ ഭയത്തിനടിമകളായവർ ആചാരങ്ങളിലേറെ പിഴവുകളെന്നാൽ ദോഷങ്ങളേൽക്കിടുമെന്ന വിധിയുമിറക്കി പ്രചാരം വർദ്ധിപ്പിച്ചു. ഭൗതിക സുഖകാംക്ഷി പ്രകൃതിയിലെ പ്രതിഭാസങ്ങളെ ആരാധിക്കാൻ ആവശ്യപ്പെട്ടപ്പോൾ മേഘങ്ങൾക്കുടമസ്ഥനായി ഇന്ദ്രനും സൂര്യന് അഗ്നിദേവനും ജലത്തിന് വരുണദേവനും ഭൂമിക്ക് ഭൂമീദേവിയും ക്രമത്തിൽ ഉത്ഭവിക്കപ്പെടുമ്പോഴും വിസ്മരിച്ചുപോയി, സനാതനധർമ്മത്തിന്റെ അടിസ്ഥാനവശങ്ങളിലൂന്നി പറഞ്ഞ തന്നിലന്തർഭവിച്ചിരിക്കുന്ന ചൈതന്യമത്രെ ജഗത്തിന്നാധാരമായ തേജസ്സെന്ന മഹാസത്യത്തിന്റെയുൽഘോഷണങ്ങൾ മാർദ്ദവത്തോടെയും ഗാംഭീരതയോടെയും വിളിക്കുന്നതിൽ ആവൃത്തിയിൽ വ്യത്യാസങ്ങളുണ്ടെന്നിരിക്കെ, പ്രതിഫലനത്തിലും പ്രതിപ്രവർത്തനത്തിലും വ്യത്യാസങ്ങളുണ്ടെന്നിരിക്കെ ശബ്ദങ്ങളുടെ ആവർത്തിച്ചുള്ള പ്രയോഗങ്ങളിലൂടെ ഉൽഭൂതമാക്കപ്പെടുന്ന തരംഗങ്ങൾ ഒരു പ്രത്യേക കാന്തിക വ്യൂഹ

kalkipuri.com



ങ്ങളായി രൂപാന്തരം പ്രാപിച്ച് ശരീരത്തെയും ബുദ്ധിയെയും ആവരണം ചെയ്യുമ്പോഴത്രെ പ്രാർത്ഥനകൾക്ക് സാഫല്യം നേടാൻ സാധിക്കുന്നതെന്ന് തന്മൂലം ശ്രദ്ധിക്കേണ്ടത് ശബ്ദങ്ങളുടെ ആവർത്തനങ്ങളിൽ വൈകല്യങ്ങളില്ലാതെ അളവ് വർദ്ധിപ്പിക്കാനാണെന്നും അവയൊന്നുമാത്രമെ വിവിധ വികാര വീചികളാൽ അലയിടുന്നൊരാഴക്കടലായ മനസ്സിനെ കേന്ദ്രീകരിക്കാൻ ഏറ്റവും യോജ്യമായതെന്നും, വാസനഗുണങ്ങളിൽനിന്നും മോചിതനായി സത്യമെന്ന സഹജാവസ്ഥയിലേക്കാനയിക്കാൻ ഉത്തമമെന്നുമിരുന്നു, അനുഭവസമ്പത്തുള്ള ആചാര്യർ ആണയിട്ട് പറഞ്ഞത് സനാതന ധർമ്മത്തിന്റെ അന്തസ്സത്തയെന്നതും, പിൽക്കാല തലമുറ സ്വാർത്ഥ കാര്യങ്ങൾക്കായി വേദരഹസ്യങ്ങളെ വളച്ചൊടിച്ചപ്പോൾ വിസ്മരിച്ചുപോയി.

- കാലശക്തിക്കനുസരിച്ച് വിചാരധാരയിൽ മാറ്റങ്ങളുളവായപ്പോൾ ആചരിക്കപ്പെടുന്നവക്ക് അന്തസത്തയുണ്ടോ എന്നന്വേഷണത്തിൽ, പിൻവാങ്ങി, പിൻവാങ്ങി യുവതലുറ സംസ്ക്കാരത്തിന്റെ മുഖ്യധാരയിൽനിന്ന് അങ്ങകലെയെവിടെയോ തന്റെ ഭക്തരെ കാത്തിടാനായി രാവന്തിയോളം മിഴിനട്ടിരിക്കുന്ന ഭഗവൽ സമൂഹങ്ങളെ ആനന്ദിപ്പിക്കാനായിരുന്നു യുക്തിക്കതീതവും, താൽപര്യമേറിയ സ്വാദിഷ്ടഭക്ഷണങ്ങളാവർത്തിച്ച് ഒഴിവാക്കാനാവശ്യപ്പെടുന്നതുമായ വ്രതാനുഷ്ഠാനങ്ങൾ യുവതലമുറകളെ അകറ്റിനിർത്തി സംസ്ക്കാരത്തിന്റെ മുഖ്യധാരയിൽനിന്ന്. പ്രണയരംഗങ്ങളിലെ ആഭാസങ്ങളെ വിളിച്ചോതുന്ന കഥാപരമ്പരകളും മതമേധാവികൾ അവക്ക് ശാസ്ത്രീയടിത്തറയേകി തങ്ങളുടെ സ്ഥാനങ്ങളാവർത്തിച്ചുറപ്പിക്കാൻ കാലം ചിലവഴിച്ചപ്പോൾ ഭൗതികതയുടെ അനുഭവസമ്പത്തിൽ നിന്നുരുത്തിരിഞ്ഞ കേവല വിജ്ഞാനത്താൽ യുവതലമുറകൾ പിന്മാറി, യാഥാർത്ഥ്യങ്ങളിലേക്കെത്തിനോക്കി, രാവന്തിയോളം വെയിലേറെകൊണ്ട് അധ്വാനഭാരത്താലരയിൽ തിരുകിതന്നൊരമ്പതു രൂപയാണിന്നത്താഴത്തിന്നാധാരമെന്ന സത്യത്തിലേക്കെത്തിനോക്കിയപ്പോൾ പിന്മാറി, പിന്നെയന്തരംഗത്തിൽ മനഃസാക്ഷിക്കേറെ വിലകൽപിച്ചവർ ഒത്തുപാടി, അവകാശങ്ങൾ അനുവദിച്ചേ അവസാനിപ്പിക്കു ഞങ്ങളീ സമരമെന്ന്. പിന്മാറിയ തലമുറയിലെ ആവശ്യങ്ങളെയല്ല പരിഗണിച്ചത് അധികാരം നിലനിർത്താ



kalkipuri.com

നുള്ള ഉപായങ്ങളെയായിരുന്നു, അധികാരങ്ങളെങ്കിൽ, അരവയറുണ്ടകാലം കഴിച്ചവർ പോയതലമുറയെ നോക്കി ഗദ്ഗദത്താൽ അലറി; അവനവന്റാവശ്യങ്ങളറിഞ്ഞു അവബോധം നൽകാനാവില്ല ഈ സംസ്ക്കാരത്തിലധികാരികൾക്കെങ്കിൽ, ആവില്ലിനിയും ഈ പല്ലക്കേന്തി ജീവിതം ദു:ഖപൂർണ്ണമാക്കാൻ.

* പിൻതിരിഞ്ഞ തലമുറ ഒത്തുകൂടി അവകാശങ്ങൾ നേടാൻ ആവും വിധം പരിശ്രമിച്ചപ്പോൾ, സംസ്ക്കാരത്തിന്റെ അവസാനത്തെ അർത്ഥവിശേഷങ്ങളും തങ്ങളിലാണെന്ന് അഹങ്കരിച്ചവർ പുലർത്തിയ ശത്രുതാ മനോഭാവവും ധർമ്മത്തിന്റെ അന്തഃസ്സത്ത ഉൾക്കൊതിരിക്കുവാൻ കാരണമായപ്പോൾ ദാരിദ്ര ജനകോടികൾ അകന്നുപോയി.

ഉച്ചയൂണുകഴിഞ്ഞ് വീർത്തവയറിൽ വിരൽകൊണ്ട് സാമഗീതങ്ങൾ ഈണമിട്ടപ്പോൾ കോട്ടുവായുമിട്ട് ഇന്നലെച്ചൊല്ലിയ ശ്ലോകത്തിന്റെ ആവർത്തനങ്ങളുടെ വാഗ്വാദങ്ങളാൽ കാലം കഴിച്ചപ്പോൾ 'അറിവുണ്ടെന്ന അജ്ഞതയാൽ അകത്തളങ്ങളിൽ കഴിഞ്ഞവർ അറിഞ്ഞില്ല; അകലെ അരവയറുണ്ണാൻ അരിയില്ലാതെ അടുപ്പത്തിളക്കിക്കൊണ്ടിരിക്കുന്ന കൊച്ചുപാത്രത്തിലേക്ക് മിഴിനട്ടിരിക്കുന്ന അരുമക്കിടാങ്ങളുടെ അകതാരിൽ ആഞ്ഞുകത്തിയ ആത്മനൊമ്പരങ്ങൾ അറിഞ്ഞില്ല; അവയ്ക്കറുതിവരുത്താൻ ശ്രമിച്ചില്ല; അറിവുണ്ടെന്നഹന്തയാൽ അരമതിലിനുള്ളിൽ വേദമന്ത്രങ്ങളുരുവിട്ട് സമൃദ്ധമായുണ്ട് കാലം കഴിച്ച പുരോഹിത വർഗ്ഗങ്ങൾ.

അണപൊട്ടിയ ആത്മനൊമ്പരങ്ങൾക്ക് ഉത്തമസ്ഥരാകാനാവാതെ അറബിക്കടലിലേക്കാഴ്ത്തിയിറക്കി ജീർണ്ണമെന്ന് ധരിച്ച സംസ്കാരത്തെ ഇനിയിങ്ങ് തിരിച്ച് വന്ന് അരപ്പട്ടിയിണിയിലാഴ്ത്തരുത് അടിയങ്ങളെയെന്ന പ്രാർത്ഥനയോടെ.

സംസ്ക്കാരത്തെ ആത്മസത്തയെത്തന്നെയറിയാതെ, അവരിന്നും വെച്ചുകെട്ടിയ ദുഷിച്ച നാറിയ ആചാരങ്ങളുടെ കൂമ്പാരങ്ങളിൽ നിന്ന് അകന്നു നിൽക്കാൻ വെമ്പുന്നു; സംസ്ക്കാരം ജീവിതത്തിന് സംരക്ഷണമേകേണ്ടതെന്ന ആപ്തവാക്യം വിസ്മൃതിയിലാഴ്ത്തി.

* മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്നതിനത്രെ പ്രാധാന്യമെന്നും അതിൽ നിന്നന്യമായ മതമൊന്നും ഞങ്ങൾക്കാവ



kalkipuri.com

ശ്യമില്ലെന്നും അവർ ആണയിട്ടപ്പോൾ, കുറ്റപ്പെടുത്തേണ്ട, അവർ കാര്യമേ പറയുന്നുള്ളൂവെന്നാശ്വസിക്കാം, എന്നിട്ടവർക്കവരുടെ അടിസ്ഥാനാവശ്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി അവരോടൊത്തു സഹകരിക്കാം ആദ്യം. ക്രമത്തിൽ ആത്മവിദ്യയുടെ അന്തഃസത്ത, സ്നേഹമെന്ന് അവരിലൊരാളായി നമ്മുക്കവരോട് ചൊല്ലാം. അപ്പോഴത്രെ മിഴിതുറന്ന് അവരൊന്ന് അവലോകനം ചെയ്യുക– അവരെവിടെയെന്ന്. മതി, ഇനി നമുക്ക് അവനിഷ്ടമുള്ള ആചാരങ്ങളിഷ്ടമുണ്ടെങ്കിൽ ആചരിക്കാം, എന്നാൽ മനുഷ്യന്റെ പൂർണ്ണവികാസമാണ് ആത്മധർമ്മമെന്നും അതിനടിസ്ഥാനമേകിയതോ ഈ ആർഷസംസ്ക്കാരമെന്നും; അവയേറെ തെറ്റിദ്ധരിക്കപ്പെട്ടതിനാലാണ് ഈ ജനതക്കിന്നീ ഗതിവന്നതെന്നും ഇനിയിതാവർത്തിക്കാനിടയേകിടാതെ നമുക്കൊന്നിച്ചീടാം; ഭാഷയോ, സംസ്ക്കാരമോ, ജാതിയോ, വിസ്മരിച്ച് ആനന്ദത്താലുറക്കെ പ്രഖ്യാപിക്കാം; നമ്മൾ സനാതന ധർമ്മത്തിന്റെ അനന്തരഗാമികളെന്ന്.

* ഭൗതിക ലോകത്തിന്റെ ഒഴിവാക്കാനാവാത്ത ധനത്തിന്റെ സ്ഥാനം ആത്മീയതയിൽ ജപത്തിന്നത്രെ!

* ആചരിച്ചുകൊണ്ടിരിക്കുന്നവ സത്യമെന്നോ മിഥ്യയെന്നോ തെളിവേറേ ലഭിക്കുന്നതുവരെ തുടരുക. അവയ്ക്കടിസ്ഥാനമേകാൻ അനുഭവസമ്പത്തുള്ള ആചാര്യനരികിൽ പോയി നിവാരണം വരുത്തുക.

* വിവേകത്താൽ ആവൃതമായ അറിവാകും വാളത്രെ എന്റെ ആയുധമെങ്കിൽ; വായുവേഗതയിലേറെ മാറിക്കൊണ്ടിരിക്കും, മനസ്സിനെ ആത്മബലമാകും കടിഞ്ഞാണിനാൽ ആകാശയാത്ര നടത്തും കുതിരയത്രെ എന്റെ വാഹനമെങ്കിൽ; ലാളിത്യമത്രെ എന്റെ വേഷമെങ്കിൽ, വിനയമത്രെ സ്വഭാവമെങ്കിൽ ഗാംഭീര്യതയത്രെ തിലകമെങ്കിൽ, ജ്ഞാനമത്രെ ആധാരമെങ്കിൽ ഉറപ്പുതരുന്നു. 2033നു മുമ്പായി ഭാരതത്തിനവകാശമാം സനാതനധർമ്മമെന്നാചരണത്താൽ ഒരു ജനതയിവിടെയുണ്ടെന്നും അതിനൊരു നിയമമേയുള്ളൂവെന്നും അവ ജീവിതഗന്ധിയെന്നും ലോക ജനതയെ ബോധ്യപ്പെടുത്തി പാറിപ്പാപ്പിക്കും ഭാരതസംസ്ക്കാരത്തിൻ ധാർമ്മികാദർശങ്ങളെന്നെന്ന്.

* സഹോദരീ സഹോദരന്മാരെ കൈകൊണ്ട് കർമ്മവും മനംകൊണ്ട് ജപവും ഇതത്രെ നിങ്ങളിൽ നിന്നും ഞാൻ പ്രതീക്ഷിക്കുന്നത്. ഒരു



നിമിഷംപോലും പാഴാക്കാനിടയില്ലാതെ സ്നേഹിക്കുക, ഈ ലോകത്തിനെ, അജ്ഞതയിലാണ്ടുകിടക്കുന്ന ഈ ജനതയെ, സേവനത്തിൽക്കൂടി സ്നേഹമെന്തെന്നും , സ്നേഹത്തിൽക്കൂടി ഈശ്വരനെന്തെന്നും വെളിപ്പെടുത്തിക്കൊടുക്കുവാനുള്ള പരിശ്രമത്തിലേർപ്പെടുമ്പോൾ അറിയാറാകും, സ്വയം അനുഭവിക്കാറാകും താൻതന്നെ സമീപിച്ചുകൊണ്ടിരിക്കുകയാണ്. തന്നെതന്നെ അറിഞ്ഞുകൊണ്ടിരിക്കുകയാണ്. ഭഗവാൻ എന്ന നാമധേയത്തിലുൽഘോഷിക്കുന്ന പ്രപഞ്ചാനിത്യസത്യത്തെ.

* പ്രസ്ഥാനത്തിൽ വലിയവനെന്നും ചെറിയവനെന്നും ഉള്ള വ്യത്യാസമുണ്ടാവാൻ പാടില്ല. സത്യത്തെയന്വേഷിക്കുന്ന പരിശ്രമത്തിലേർപ്പെട്ടവരായതിനാൽ എല്ലാവരും വലിയവരും സത്യത്തെ സാക്ഷാൽക്കരിക്കുവാനുള്ള അടിസ്ഥാനം വിനയമായതിനാൽ എല്ലാവരും വിനയം കൊണ്ട് ചെറിയവരുമാകുന്നു.

* അറിയിക്കണം, എല്ലാ വിവരങ്ങളും കുടുംബസമിതികൾ മുതൽ ട്രസ്റ്റിലെ അംഗങ്ങളെവരെ, ജനതക്കു പങ്കാളിത്തമുള്ള ഭരണനിർവ്വഹണമാണ് എന്റെ ലക്ഷ്യം. ഓരോ ഹിന്ദുവിനും പങ്കാളിത്തം ലഭിക്കണം. പ്രസ്ഥാനത്തിൽ ഓരോരുത്തരും അറിയാനുള്ള അവകാശമുണ്ട് എന്തൊക്കെയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന്. എന്തെല്ലാം വരുമാനങ്ങളാണ് പ്രസ്ഥാനത്തിനാധാരം, അവയെങ്ങിനെ ചിലവഴിക്കുന്നു ആർക്കെല്ലാം അതിൽനിന്നുപയോഗം ലഭിക്കുന്നു. അതിൽനിന്നുപയോഗം ലഭിക്കുന്നു, ലഭിക്കാതെപോയവർക്കെപ്പോൾ നൽകാൻ കഴിയും. ഇവയെല്ലാം യഥാസമയങ്ങളിൽ ജനങ്ങളെ അറിയിക്കണം. ഓരോമാസത്തെയും സ്ഥിതിവിവരങ്ങൾ എല്ലാ കേന്ദ്രങ്ങളിലും എത്തിക്കണം. ഓരോ ഹിന്ദുവിന്റെയും അഭിപ്രായത്തെ നമുക്കുൾക്കൊള്ളിക്കാൻ കഴിയണം. കുടുംബങ്ങളിലെ അംഗങ്ങളുടെ അഭിപ്രായത്തെ 10 അംഗങ്ങളുള്ള കുടുംബസമിതികളിൽ ഓരോ അംഗങ്ങളുടേയും നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ചും വിഭാവനം ചെയ്തുകൊണ്ടിരിക്കുന്നവയുടെ വിവിധവശങ്ങളെക്കുറിച്ചുമുള്ള അഭിപ്രായങ്ങൾ രേഖപ്പെടുത്തിയ സന്ദേശങ്ങൾ കൺവീനറുടെ സാക്ഷിപത്രത്തോടൊപ്പം പ്രസ്ഥാനത്തിന്റെ കേന്ദ്രകമ്മിറ്റിയിലേക്കറിയിക്കണം. ഏതൊരു സംരംഭത്തിന്റെയും മുടക്കുമുതലും ലാഭവുമത്രയെന്ന് ഓരോ അംഗത്തിനേയുമറിയിക്കണം. ആശ്രമത്തിലും അതിന്റെ ശാഖകളിലു

kalkipuri.com



മെത്ര ചെലവുകളുണ്ട് പ്രതിമാസം. ഇവയെല്ലാം വ്യക്തമായ രേഖകളോടെ ഓരോ കുടുംബസമിതികളെയും അറിയിക്കണം. ഗവൺമെന്റിൽ നിന്നും ലഭിക്കാനുള്ളതും നൽകാനുള്ളതുമായ എല്ലാം കൃത്യമായിട്ടുചിതമായ രീതിയിൽ കൈകാര്യം ചെയ്യണം. ലാഭത്തിനുവേണ്ടി ഒന്നും ഒഴിച്ചുവെക്കണ്ട. കാപട്യങ്ങൾ കാണിക്കുകയും വേണ്ട. സംശയമൊന്ന് ഉടലെടുക്കുന്നുണ്ടാവും ഇതിനൊക്കെ ധനമെവിടെയെന്ന്? ഇതിനൊക്കെ വിഭവശേഷിയെവിടെയെന്ന്? എല്ലാം അടങ്ങിയിരിക്കുന്നത് ജനങ്ങളിലാണ്. അവർ അവർക്കുവേണ്ടി അവരാൽ ആവുന്നത് ചെയ്യുമ്പോൾ ഞാനുദ്ദേശിക്കുന്ന എല്ലാം നടപ്പായികൊള്ളും. ആരേയും നിർബന്ധിക്കുകയും വേണ്ട

* സർവ്വസംഗ പരിത്യാഗിയത്രെ സനാതന ധർമ്മത്തിന്റെ സംരക്ഷകൻ. ഭൗതിക സുഖഭോഗങ്ങളിലല്ലാ മറിച്ച്, ഇച്ഛജ്ഞാന ക്രിയാശക്തിയാകുന്ന മണിമാളികയിലെ, ആത്മജ്ഞാനമാകുന്ന ആട്ടുകട്ടിലിൽ ആനന്ദത്താൽ ആറാടി വിധേയനാകാതെ മമതാഭാവത്തിനടിമയാകാതെ, അറിവാകുന്ന ഇടിവാളിനാൽ ജഗത്തിന് സംരക്ഷണമേകുകയത്രേ സന്യാസിയുടെ ധർമ്മം. കാലാനുസൃതമായ മാറ്റങ്ങളെ ഉൾക്കൊണ്ട് വേദങ്ങളെ വ്യാഖ്യാനിച്ച് ജനതയെ ധാർമ്മിക പഥാവിലേക്ക് ആനയിച്ചനുയോജ്യമായ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കൽ സേവാഭാവത്താൽ സഹായിച്ച്, ദാരിദ്ര്യത്തെയും അറിവില്ലായ്മയും ജഗത്തിൽ അശേഷം അവശേഷിപ്പിക്കാൻ അവസരം നൽകാൻ അനുവദിക്കാത്ത ആദരണീയ വ്യക്തിത്വത്തിന് ഉടമയായിരിക്കണം സാർവ്വസംഗ പരിത്യാഗിയായ, സനാതന ധർമ്മത്തിന്റെ വ്യക്തമായ ഈശ്വരാവസ്ഥയെ പ്രഖ്യാപിച്ച സന്യാസി.

* ലാഭേച്ഛയോടെയുള്ള പ്രവർത്തനങ്ങൾക്ക് സംഘടനയിൽ അവസരം നൽകിയാൽ അവശത അനുഭവിക്കുന്നവർക്ക് ആശ്വാസം നൽകുകയെന്ന ആത്യന്തിക ലക്ഷ്യത്തിൽനിന്ന് വഴിമാറി പഥസഞ്ചാരണത്തിനിടയാകണമെന്നതിനാൽ, ശ്രദ്ധയോടെ അതീവ ജാഗ്രതയോടെ, ഫലകാംക്ഷയില്ലാതെ, നിറഞ്ഞ മനസ്സോടെ, ആവശ്യങ്ങൾക്കനുയോജ്യമായ പദ്ധതികൾ ആരംഭിക്കണം. അപ്പോഴത്രെ ജനതയിൽ ആത്മവീര്യവും ജീവിതത്തിൽ പ്രതീക്ഷാ നിർഭരതയും കൈവരുത്തുവാൻ സംഘടന പര്യാപ്തമാകുന്നത്.



kalkipuri.com

“ഈ ജഗത്തനാധാരയായി വർത്തിക്കുന്ന ജഗദംബികയെ ഭാരതാംബ എന്ന സങ്കൽപ്പത്താൽ ഊട്ടിവളർത്തി സ്നേഹത്താൽ ഉദ്ദീപ്തമാക്കി, ജനതയാകെ പരസ്പര വിശ്വാസത്തിലും സഹകരണത്തിലും വർത്തിക്കുന്നതു കാണാൻ, കണ്ടാനന്ദിക്കുവാൻ സർവ്വലോകങ്ങൾക്കും നാഥയായിരിക്കുന്ന അംബയോട് അശ്രുപൂക്കളാൽ ആർദ്രചിത്തനായി നിരന്തരം പ്രാർത്ഥിച്ചുകൊണ്ട് സർവ്വർക്കും നന്മവരട്ടേ എന്ന് ഇച്ഛിച്ചുകൊണ്ട് കരുണാദീപ്തങ്ങളായ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനത്തിനായി പ്രാർത്ഥിച്ചുകൊണ്ട് സ്വീകരിക്കുവാൻ തയ്യാറാവുക ജഗദ്ജനനിയുടെ വാണികളെ........”

kalkipuri.com





"........ഭ്രാന്താലയമെന്ന് ചൊല്ലിയിടത്തുനിന്നു
തന്നെ എനിക്ക് ആരംഭിക്കേണ്ടിയിരിക്കുന്നു.........
ഇന്ന് ഈ ജനത പ്രബുദ്ധരാണ്; കേവലം നശ്വര
പദാർത്ഥങ്ങളിൽ പ്രബുദ്ധരാണ്. അതെ! വിഷയ സുഖങ്ങളും
സുഖ ലോലുപതയും ഏറെ അനുഭവിച്ചുകൊണ്ടിരിക്കുന്ന
ജീവന് വ്യക്തമായിക്കൊണ്ടിരിക്കും, ഇവയിലൊന്നും
ആന്തരികാനന്ദം, ശാശ്വതാനന്ദം ഇല്ലെന്ന്........
അപ്പോഴത്രേ വളരെ സൗകര്യം. അവരുടെ സമീപത്തുകൂടി
ആത്മാനന്ദത്തിന്റെ ഇളം കാറ്റൊന്നാഞ്ഞു വീശിയാൽ,
കുതറിയോടും വിഷയ സുഖങ്ങളിൽ നിന്നും ത്യാഗത്താൽ
ഉരുത്തിരിയുന്ന ആത്മാനന്ദത്തിലേക്ക് വിഷ്ണുവിന്റെ
കൗസ്തുഭത്തിൽ പരിലസിക്കുന്ന ഈ കൊച്ചുകേരളത്തിൽ
നിന്നു തന്നെ ആരംഭിക്കേണ്ടിയിരിക്കുന്നു.........
പ്രകൃതിയുടെ വിധിനിയമങ്ങളെ, സൃഷ്ടികർത്താവിന്റെ
അലംഘനീയങ്ങളായ ആജ്ഞകളെ, അതെ! അവ എനിക്ക്
പുന:സ്ഥാപിക്കേണ്ടിയിരിക്കുന്നു. വാക്ക് തരുന്നു- 2033 ന്
മുമ്പായി ഭാരതത്തെ ലോകരാഷ്ട്രങ്ങളുടെ
നേതൃസ്ഥാനത്തേക്കുയർത്തിയേ ഞാൻ തിരിച്ചുപോകൂ......
താന്തോന്നിവാസത്തിൽ നിന്നും ഈ ജനതയെ
അനുസരണയുടെ,ആദർശത്തിന്റെ, ആജ്ഞാശക്തിയുടെ
വക്താക്കളാക്കിയേ ഞാൻ തിരിച്ചു പോകൂ.......
കേവലം മുപ്പത്തഞ്ച് വർഷത്തിനുള്ളിൽ ഇവ നടപ്പാക്കാൻ
ഭാരത ജനതയുടെ സഹകരണമല്ല സേവനമത്രേ എനിക്കാ
വശ്യം.സനാതന ധർമ്മത്തിൽ വിശ്വസിക്കുന്നവർക്ക്
ജീവിതയോധനങ്ങളിൽ വഴികാട്ടിയും ക്രമാനുഗതമായ
പ്രശ്നങ്ങളിൽ സംരക്ഷണവും നൽകാൻ സാധിക്കണം.
അവർക്കിടയിൽ വേർതിരിവില്ലാതെ ഒരൊറ്റ
ധർമ്മത്തിന്റെ വിവിധ ശ്രേണികളെന്ന്
ദൃഢവിശ്വാസത്തിലധിഷ്ഠിതമായ
പ്രവർത്തനപദ്ധതികളത്രേ നമുക്കാവശ്യം...........
അതിനാവട്ടെ അടുത്ത ഓരോ നിമിഷങ്ങളിലേയും
പ്രവർത്തനങ്ങൾ.........."

– സ്വാമി അഖിലാനന്ദൻ

അഖിലാനന്ദ ചാരിറ്റബിൾ ട്രസ്റ്റ്